29
ശനി
ഒക്ടോബർ 2022
1198 തുലാം 12
Vol 4 Issue No 303

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08

www.keralapranamam.com
infokeralapranamam@gmail.com



## ഒരു രാജ്യം ഒരു യൂണിഫോം'; വിവിധ സംസ്ഥാനങ്ങളിലെ പോലീസ് യൂണിഫോം ഏകീകരിക്കുന്നതിനെക്കുറിച്ച് പ്രധാനമന്ത്രി

**ന്യൂ ഡൽഹി:** പോലീസുകാർക്ക് 'ഒരു രാജ്യം ഒരു യൂണിഫോം' എന്ന ആശയം മുന്നോട്ടുവെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പോലീസിനെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാടിൽ ഗുണകരമായുള്ള മാറ്റം വേണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനങ്ങളിലെ ആഭ്യന്തരമന്ത്രിമാരുടെ ചിന്തൻ ശിബിരത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനങ്ങളിലെ ക്രമസമാധാനമെന്നത് അതാത് സംസ്ഥാനങ്ങളുടെ ചുമതലയാണ്. എന്നാലത് രാജ്യത്തിന്റെ ഐക്യത്തെ ബാധിക്കുന്നതുമാണ്. സംസ്ഥാനങ്ങൾക്ക് പരസ്പരം ഒരുപാട് പഠിക്കാനാകുമെന്നും അത് രാജ്യത്തിന്റെയും ജനങ്ങളുടെയും ഉന്നതിയ്ക്ക് വഴിവെക്കുമെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യ വളരുന്നതിനനുസരിച്ച് കുറ്റകൃത്യങ്ങളും വ്യത്യാസപ്പെടുകയാണ്. ക്രമസമാധാനം പരിപാലിക്കുന്നതിൽ സംസ്ഥാന-കേന്ദ്ര ഏജൻസികൾ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. അതിർത്തികൾക്കപ്പുറത്തേക്കും കുറ്റകൃത്യങ്ങൾ നീളുന്ന സാഹചര്യത്തിൽ എല്ലാ സംസ്ഥാനങ്ങളും ഒരേ വൈദഗ്ദ്ധ്യത്തോടെ ഒറ്റക്കെട്ടായി നേരിടുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യാഴാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ ചിന്തൻ ശിബിരത്തിൽ പങ്കെടുത്തിരുന്നു. ലഹരിക്കടത്തുൾപ്പെടെയുള്ള വിഷയങ്ങളിൽ കേന്ദ്ര സഹായം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എട്ട് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും 16 സംസ്ഥാനങ്ങളിലെ ഉപമുഖ്യമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു. അമിത് ഷായാണ് യോഗത്തിൽ അധ്യക്ഷത വഹിച്ചത്.



## തിരഞ്ഞെടുപ്പിലെ സൗജന്യ വാഗ്ദാനങ്ങൾ: നടപടിയെടുക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷന് അധികാരമില്ല–കോൺഗ്രസ്

ന്യൂഡൽഹി: തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ വോട്ടർമാർക്ക് വാഗ്ദാനം ചെയ്യുന്ന സൗജന്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നിയന്ത്രണം കൊണ്ടുവരാൻ തിരഞ്ഞെടുപ്പ് കമ്മിഷന് അധികാരമില്ലെന്ന് കോൺഗ്രസ്. അത്തരം നടപടികളിൽ നിന്ന് കമ്മിഷൻ വിട്ടുനിൽക്കണമെന്നും തിരഞ്ഞെടുപ്പ് ചട്ടങ്ങൾക്കനുസൃതമായി സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് പ്രകടനപത്രികകളിൽ ഉൾപ്പെടുത്തുന്ന വാഗ്ദാനങ്ങൾ ഒരു രാഷ്ട്രീയകക്ഷി മുന്നോട്ടുവെയ്ക്കുന്ന ആശയസംഹിത പ്രതിഫലിപ്പിക്കുന്നവയാണെന്നും അത്തരം വാഗ്ദാനങ്ങൾക്ക് കൃത്യമായ കാലപരിധിയുണ്ടെന്നും കോൺഗ്രസ് അഭിപ്രായപ്പെട്ടു. തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ഊർജ്ജസ്വലമായ ജനാധിപത്യവ്യവസ്ഥിതിയുടെ ഭാഗമാണെന്നും രാഷ്ട്രീയത്തിന്റെ കൊടുക്കൽ-വാങ്ങൽ വിശ്വസ്തതയുമായി ഇവ ബന്ധപ്പെട്ടിരിക്കുന്നുവെന്നും തിരഞ്ഞെടുപ്പ് കമ്മിഷന് വെള്ളിയാഴ്ച അയച്ച കത്തിൽ മുതിർന്ന കോൺഗ്രസ് നേതാവും പാർലമെന്റംഗവുമായ ജയറാം രമേശ് പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മിഷനോ സർക്കാരിനോ കോടതികൾക്കോ ഈ വിഷയത്തിൽ ഇടപെടാനോ നടപടിയെടുക്കാനോ അധികാരമില്ലെന്നും അദ്ദേഹം കത്തിൽ വ്യക്തമാക്കി. തിരഞ്ഞെടുപ്പ് കമ്മിഷന്റെ മാതൃകാപെരുമാറ്റച്ചട്ടത്തിൽ മാറ്റം വരുത്താനുള്ള നിർദേശങ്ങൾ തേടി എല്ലാ അംഗീകൃത രാഷ്ട്രീയപാർട്ടികൾക്കും കമ്മിഷൻ അയച്ച കത്തിന് നൽകിയ മറുപടിക്കത്തിലാണ് പാർട്ടിയ്ക്ക് വേണ്ടി ജനറൽ സെക്രട്ടറി-കമ്മ്യൂണിക്കേൻസ് കൂടിയായ ജയറാം രമേശ് ഇക്കാര്യങ്ങൾ ആവശ്യപ്പെട്ടത്. ഒക്ടോബർ 19 നകം മറുപടി നൽകണമെന്നാണ് കമ്മിഷൻ ആവശ്യപ്പെട്ടത്. തങ്ങൾ നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കാനാവുന്നതാണ് എന്നായിരിക്കും ഓരോ പാർട്ടിയുടേയും അവകാശവാദമെന്നും വാഗ്ദാനങ്ങൾ പാലിക്കുന്നത് അത്രയേറെ പ്രയാസകരമായ സംഗതിയല്ലെന്നും ജയറാം രമേശ് പറഞ്ഞു. വാഗ്ദാനങ്ങൾ പാലിക്കപ്പെടുമെന്ന് ഉറപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷന് എപ്രകാരം സാധ്യമാകുമെന്നും ജയറാം രമേശ് ചോദ്യമുന്നയിച്ചു. വാഗ്ദാനങ്ങൾ മുൻനിർത്തി പാർട്ടിയേയോ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയേയോ അയോഗ്യമാക്കാൻ കമ്മിഷന് സാധിക്കുമോയെന്നും ഈ വിഷയത്തിൽ കമ്മിഷന് കോടതിയെ സമീപിക്കാനാവുമോയെന്നും അദ്ദേഹം ആരാഞ്ഞു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടിയന്തരമായി പരിഹരിക്കേണ്ട വിവിധപ്രശ്നങ്ങളും ജയറാം രമേശ് കത്തിൽ ചൂണ്ടിക്കാട്ടി.



## രജിസ്ട്രേഷൻ നാഗലാൻഡിലും ഒഡിഷയിലും, ഓട്ടം കേരളത്തിൽനിന്ന്; ഇത് വേണ്ടെന്ന് കേരളം

**തിരുവനന്തപുരം** രാജ്യത്താകമാനം ഒരു പെർമിറ്റിൽ വാഹനമോടിക്കാൻ കഴിയുന്ന ഓൾ ഇന്ത്യാ പെർമിറ്റിന് കേരളം വിലക്കേർപ്പെടുത്തുന്നു. ഇത്തരം പെർമിറ്റിലുള്ള വാഹനങ്ങൾ സംസ്ഥാനത്തേക്ക് കടക്കണമെങ്കിൽ പ്രത്യേകം നികുതി നൽകേണ്ടിവരും. നികുതി നൽകാത്ത വാഹനങ്ങൾ നവംബർ ഒന്നുമുതൽ സംസ്ഥാനത്തേക്ക് പ്രവേശിക്കുന്നത് തടയുമെന്ന് മോട്ടോർ വാഹനവകുപ്പ് അധികൃതർ അറിയിച്ചു.

സംസ്ഥാനത്തുള്ള ചില ഓപ്പറേറ്റർമാർ നാഗലാൻഡ്, ഒഡിഷ, അരുണാചൽപ്രദേശ് എന്നിവിടങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർചെയ്തശേഷം ഓൾ ഇന്ത്യാ പെർമിറ്റ് എടുത്ത് കേരളത്തിലേക്ക് ഓടുന്നതായി മോട്ടോർവാഹനവകുപ്പ് കണ്ടെത്തിയിരുന്നു. ഈ വാഹനങ്ങൾ സംസ്ഥാനത്തേക്ക് രജിസ്ട്രേഷൻ മാറ്റണമെന്ന് നിർദേശം മുന്നോട്ടുവെച്ചിട്ടുണ്ട്. വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ ഓൾ ഇന്ത്യാ പെർമിറ്റ് ഏർപ്പെടുത്തിയത്. വിവിധ സംസ്ഥാനങ്ങളിലെ വ്യത്യസ്ത നികുതിവ്യവസ്ഥകൾ കാരണമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായിരുന്നു പുതിയ സംവിധാനം.

**വിലക്കിനുപിന്നിൽ**

കേന്ദ്രീകൃത പെർമിറ്റ് സംവിധാനത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ 2021-ൽ ടൂറിസ്റ്റ് വാഹനങ്ങൾക്കും ഓൾ ഇന്ത്യാ പെർമിറ്റ് സംവിധാനം കൊണ്ടുവന്നത്. വാഹന ഉടമകളിൽനിന്ന് പണംവാങ്ങി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയം പെർമിറ്റ് നൽകും. ഈ തുക പിന്നീട് കേന്ദ്രസർക്കാർ വിവിധ സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകും. എന്നാൽ, ഈ സംവിധാനം സംസ്ഥാനത്തിന് നഷ്ടമാണെന്ന നിഗമനത്തിലാണ് മോട്ടോർവാഹനവകുപ്പ്.



## മുണ്ടശ്ശേരി പുരസ്കാരം ഡോ. എം. ലീലാവതിയ്ക്ക്; മികച്ച യുവ എഴുത്തുകാരി ഡോ. അഖില എസ് നായർ

തിരുവനന്തപുരം: സാഹിത്യ, സാംസ്കാരിക രംഗത്തെ സമഗ്രസംഭാവനകൾക്ക് മുണ്ടശ്ശേരി സാംസ്കാരിക പഠനകേന്ദ്രം ഏർപ്പെടുത്തിയ 2022-ലെ മുണ്ടശ്ശേരി പുരസ്കാരത്തിന് ഡോ. എം.ലീലാവതി അർഹയായി. 50,000 രൂപയും പ്രശസ്തിപത്രവും കാരയ്ക്കാമണ്ഡപം വിജയകുമാർ രൂപകല്പന ചെയ്ത ശില്പവുമടങ്ങുന്നതാണ് പുരസ്കാരം.

യുക്തിചിന്തയും ശാസ്ത്രാവബോധവും പ്രതിഫലിപ്പിക്കുന്ന വൈജ്ഞാനിക സാഹിത്യരചനയ്ക്ക് യുവ എഴുത്തുകാർക്കു നൽകുന്ന പുരസ്കാരത്തിന് ഡോ. അഖില എസ്.നായർ അർഹയായി. പതിനായിരത്തിയൊന്ന് രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് അവാർഡ്.

### ആശാൻ

'ഗടഞ്ഞാഇയിൽ എംപിമാർക്കും എംഎൽഎമാർക്കും സൗജന്യയാത്ര എന്തിന്? ചോദ്യവുമായി ഹൈക്കോടതി



ഹോ ... ഇപ്പഴെങ്കിലും ചോദിയ്ക്കാൻ തോന്നിയല്ലോ?







കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

# ഇതെല്ലാം കാണുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന അപ്രീതി ആരോടുപറയാൻ

ഗവർണർ ആരിഫ്മുഹമ്മദ്ഖാനും സർക്കാരും തമ്മിലുള്ള ഭിന്നിപ്പ് അസാധാരണ സാഹചര്യമാണ് സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നത്. തനിക്കെതിരേ പരസ്യപ്രസ്താവന നടത്തിയ ധനമന്ത്രി കെ.എൻ. ബാലഗോപാലിനെതിരേ അപ്രീതി രേഖപ്പെടുത്തിക്കൊണ്ടുള്ള ഗവർണറുടെ കത്ത്വിവിധ തലങ്ങളിൽ ചൂടേറിയ ചർച്ചകൾക്ക് വഴിതെളിച്ചിരിക്കുന്നു. ഇതിനൊപ്പം കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളും ജനം ആഴത്തിൽ ചർച്ച ചെയ്തു തുടങ്ങിയിട്ടുണ്ട്. പഠനത്തിനും ജോലിക്കുമായി നിരവധി യുവതീയുവാക്കൾ കേരളം വിടുന്നത് വർധിച്ചിരിക്കേ അത്തരം വിഷയങ്ങളൊന്നും ചർച്ച ചെയ്യാതെ ഭരണതലത്തിലുള്ളവർ പരിഹാസ്യമായ പ്രസ്താവനായുദ്ധത്തിൽ പങ്കാളിയാകുന്ന കാഴ്ച്ച അമ്പരപ്പിക്കുന്നതാണ്. താൻ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ മന്ത്രി ബാലഗോപാൽ ലംഘിച്ചതിനാൽ തനിക്ക് അദ്ദേഹത്തിലുള്ള പ്രീതി നഷ്ടപ്പെട്ടെന്നും അതിനാൽ ഭരണഘടനാപരമായ നടപടി സ്വീകരിക്കണമെന്നുമാണ് ഗവർണർ മുഖ്യമന്ത്രിയോടു കത്തിലൂടെ ആവശ്യപ്പെട്ടത്. ധനമന്ത്രിയെന്ന നിലയിൽ ബാലഗോപാലിൽ തനിക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടില്ലെന്നും ഇക്കാര്യത്തിൽ ഒരു തുടർനടപടിയുടേയും ആവശ്യമില്ലെന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. ഈയൊരു പശ്ചാത്തലത്തിൽ, ഗവർണറാണോ സർക്കാരിന്റെ ഭാഗമായുള്ളവർ പറയുന്നതാണോ ശരിയെന്ന തരത്തിൽ വാദപ്രതിവാദങ്ങൾക്ക് ചൂടേറി. ഗവർണറും സർക്കാരും തമ്മിൽ നടക്കുന്നത് വ്യാജ ഏറ്റുമുട്ടലാണെന്ന ആരോപണം പ്രതിപക്ഷം ഉന്നയിച്ചു. ഇത്രയധികം വിവാദം കത്തിനിൽക്കുന്ന വിഷയത്തിൽ ഇങ്ങനെയൊരു പ്രതികരണത്തിന് പ്രതിപക്ഷത്തെ പ്രേരിപ്പിച്ച ഘടകം എന്തായിരിക്കും?. രാഷ്ട്രീയമായി ഇവരിൽ ഒരാളേയും പിന്തുണയ്ക്കാൻ പ്രതിപക്ഷത്തിനു കഴിയില്ലെന്നതാണ് മുഖ്യമായ കാരണം. രണ്ടാമതായി, സ്വരച്ചേർച്ചയില്ലായ്മ പൊട്ടിത്തെറിയിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നിടത്ത് ഗവർണറും സർക്കാരും തമ്മിൽ സമരസപ്പെടുന്നത്പലവട്ടം പ്രതിപക്ഷവും ജനങ്ങളും കണ്ടുകഴിഞ്ഞു. നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പുവയ്ക്കാതെ വാശിപിടിച്ച ഗവർണർ സർക്കാരിനെ മുൾമുനയിൽ നിർത്തുന്ന സന്ദർഭമുണ്ടായി. ഏവരേയും അമ്പരപ്പിച്ച്സർക്കാരും ഗവർണറും ഒത്തുപോകുന്ന കാഴ്ച്ചയാണ് പിന്നീട് ഉണ്ടായത്. അതുകൊണ്ടുതന്നെ ഇവർ തമ്മിലുള്ളത് വ്യാജ ഏറ്റുമുട്ടലാണെന്ന് ജനങ്ങൾക്കു മുന്നിൽ സമർഥിക്കാൻ പ്രതിപക്ഷത്തിനു നിഷ്പ്രയാസം കഴിയും. സർവകലാശാലാ വിഷയത്തിൽ അസ്വസ്ഥത പുകയുമ്പോഴും ഒന്നിലുമൊരു കഴമ്പില്ലായ്മ ജനങ്ങൾക്ക് തോന്നുന്ന രീതിയിലായി കാര്യങ്ങളുടെ പോക്ക്. താൻ നിയമിച്ച മന്ത്രിയെ പുറത്താക്കാൻ തനിക്ക് അധികാരമുണ്ടെന്ന് വാദിക്കുന്ന ഗവർണർ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ഭരണഘടനാപരമായി നടപടിയെടുക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചത്. എന്തുകൊണ്ടാണ് മന്ത്രിയെ പുറത്താക്കണമെന്ന്ഗവർണർ കണിശതയോടെ ആവശ്യപ്പെടാതിരുന്നത്?. തന്റെ അപ്രീതിയുടെ മാത്രം അടിസ്ഥാനത്തിൽ ഒരു മന്ത്രിയുടെ രാജി ആവശ്യപ്പെടാൻ ഭരണഘടനാപരമായി തനിക്ക് അവകാശമില്ലെന്ന് ഗവർണർക്കും ബോധ്യമുണ്ടെന്ന ചിന്തയാണ് ഗവർണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ഉണ്ടായത്. കേരളത്തിലെ സർവകലാശാലകളുടെ പ്രവർത്തനത്തെക്കുറിച്ച് ഉത്തർപ്രദേശിൽനിന്ന് വന്നവർക്ക് ഒന്നും മനസിലാവില്ലെന്ന ബാലഗോപാലിന്റെ പരാമർശം ഗവർണറെ ഏറെ ചൊടിപ്പിച്ചെന്നു വ്യക്തം. മന്ത്രിസ്ഥാനത്തിരിക്കുന്ന ഒരാൾക്ക്ചേർന്ന പ്രസ്താവനയല്ല ബാലഗോപാൽ നടത്തിയതെന്ന കാര്യത്തിൽ തർക്കമില്ല. ബാലഗോപാലിന്റെ തികച്ചും അനുചിതമായ പ്രതികരണത്തിന് അതിരുവിട്ട നടപടി ഗവർണർ സ്വീകരിച്ചുവെന്ന അഭിപ്രായവും ഒപ്പമുണ്ടായി. തനിക്ക് ഉണ്ടായ അനിഷ്ടം മുഖ്യമന്ത്രിയെ അറിയിക്കുന്നതിൽ ഗവർണർ കാര്യങ്ങൾ ഒതുക്കി നിർത്തണമായിരുന്നു എന്നു വാദിക്കുന്നവരുണ്ട്. അധികാരപ്പോരിനു പരിഹാരം കാണാൻ കോടതിയിലൂടെ മാത്രമേ കഴിയൂ എന്ന വിലയിരുത്തലാണ് നിയമവിദഗ്ധർ പങ്കുവയ്ക്കുന്നത്.

ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരണഘടനാനുസൃതമായി മാത്രം പ്രവർത്തിക്കാൻ കഴിയുന്നവരാണ് ഗവർണറും മന്ത്രിമാരുമെല്ലാം. ഇതിനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിട്ടും പറഞ്ഞു ജയിക്കാനെന്ന മട്ടിൽ ജനങ്ങൾക്കു മുന്നിൽ നേരിട്ടോ സാമൂഹിക മാധ്യമങ്ങളിലൂടെയോ നടത്തുന്ന പരാമർശങ്ങളാണ് കാര്യങ്ങളെ കൂടുതൽ കുഴപ്പിക്കുന്നത്. എന്നാൽ, കോടതിയടക്കം നിയമനടപടിക്ക് അധികാരമുള്ള കേന്ദ്രങ്ങൾക്ക് മുന്നിൽ എത്തുമ്പോൾ പലരും പറഞ്ഞതു മാറ്റിപ്പറയുകയോ വിഴുങ്ങുകയോ അതുമല്ലെങ്കിൽ ക്ഷമചോദിക്കുകയോ ചെയ്യുന്നത് പതിവു കാഴ്ച്ചയാണ്. ഗവർണർ അപ്രീതി രേഖപ്പെടുത്തിയിട്ടും ധനമന്ത്രി തന്റെ പദവിയിൽ തുടരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഗവർണറുടെ അപ്രീതിക്ക് ഇത്രയ്ക്കു വിലയേ ഉള്ളൂ എന്ന് ആളുകൾ തെരുവിൽ പറയുന്നിടത്ത് ഇടിയുന്നത് രാജ്ഭവന്റെ അന്തസാണ്. അന്തസ് കെടുത്തുന്നതെന്തും നാടിനു കനത്ത തിരിച്ചടിയാകും. നാടിന്റെ ഭരണസംവിധാനത്തിൽ ജനങ്ങൾക്ക് അപ്രീതി വർധിച്ചിരിക്കുന്നു. ഗവർണർക്ക് തനിക്ക് ഉണ്ടായ അപ്രീതി മുഖ്യമന്ത്രിയെ അറിയിക്കാനായി. ഇതെല്ലാം കാണുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന അപ്രീതി ആരോടുപറയാൻ




# ഏത് വിവരവും ഫോർവേഡ് ചെയ്യുംമുമ്പേ പത്തുവട്ടം ചിന്തിക്കണം; വ്യാജ വാർത്തകൾക്കെതിരെ മോദി

സൂരജ്കുണ്ഡ് (ഹരിയാണ): വ്യാജവാർത്തകൾക്കും അവയുടെ പ്രചാരണത്തിനുമെതിരേ പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു വിഷയത്തെ ദേശീയതലത്തിൽ ആശങ്ക സൃഷ്ടിക്കാവുന്ന വിധത്തിലാക്കാൻ ഒരു വ്യാജവാർത്തയ്ക്ക് കെൽപുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഹരിയാണയിൽ നടക്കുന്ന സംസ്ഥാന ആഭ്യന്തരമന്ത്രിമാരുടെ യോഗമായ ചിന്തൻ ശിബിരത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരാൾ, ഏതു വിവരവും ഫോർവേഡ് ചെയ്യുന്നതിന് മുൻപ് പത്തുവട്ടം ചിന്തിക്കണം. അത് വിശ്വസിക്കുന്നതിന് മുൻപ് യഥാർഥമാണോയെന്ന് പരിശോധിക്കുകയും വേണം. എല്ലാ പ്ലാറ്റ്ഫോമുകൾക്കും ഏത് വിവരത്തിന്റെയും യാഥാർഥ്യം പരിശോധിക്കാൻ സംവിധാനങ്ങളുണ്ട്. വ്യത്യസ്തയിടങ്ങളിൽ തിരയുകയാണെങ്കിൽ നിങ്ങൾക്ക് അതിനെ കുറിച്ചുള്ള പുതിയ അറിവ് ലഭിക്കും.- മോദി പറഞ്ഞു.

വ്യാജവാർത്തകൾ വസ്തുതാപരിശോധനയ്ക്ക് വിധേയമാക്കേണ്ടത് നിർബന്ധമാണ്. സാങ്കേതികവിദ്യയ്ക്ക് ഇതിൽ വലിയ പങ്കുവഹിക്കാനാകും. ഫോർവേഡ് ചെയ്യുന്നതിന് മുൻപ സന്ദേശങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കാനുള്ള സംവിധാനങ്ങളെ കുറിച്ച് ജനങ്ങളെ ബോധവത്കരിച്ചേ മതിയാകൂ, പ്രധാനമന്ത്രി ടീറ്റ് ചെയ്തു.





# 'ഇന്ത്യയിലെ പ്രതിപക്ഷ ശബ്ദം ഇനി തടയില്ലെന്ന് പ്രതീക്ഷിക്കുന്നു'; ഇലോൻ മസ്കിനെ അഭിനന്ദിച്ച് രാഹുൽ

ന്യൂഡൽഹി: സാമൂഹിക മാധ്യമ കമ്പനിയായ ടിറ്ററിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്ത അമേരിക്കൻ വ്യവസായി ഇലോൻ മസ്കിനെ അഭിനന്ദിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. സർക്കാർ സമ്മർദം മൂലം ഇന്ത്യയിലെ പ്രതിപക്ഷ ശബ്ദം ടിറ്റർ ഇനി തടയില്ലെന്ന് പ്രതീക്ഷിക്കുന്നതായും രാഹുൽ ടിറ്ററിൽ കുറിച്ചു.

'ടിറ്റർ ഇനി കൂടുതൽ കാര്യക്ഷമമായി വസ്തുതാ പരിശോധന (ഫാക്ട് ചെക്ക്) നടത്തുമെന്നും വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ നടപടിയെടുക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. സർക്കാർ സമ്മർദം മൂലം ഇന്ത്യയിലെ പ്രതിപക്ഷത്തിന്റെ ശബ്ദം ഇനി തടയില്ലെന്നും പ്രതീക്ഷിക്കുന്നു' രാഹുൽ തന്റെ ടീറ്റിൽ വ്യക്തമാക്കി.

ടിറ്ററിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തതിന് പിന്നാലെ സി.ഇ.ഒ പരാഗ് അഗർവാൾ അടക്കമുള്ള കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥരെ മസ്ക് പിരിച്ചുവിട്ടിരുന്നു.

ഫോളോവേഴ്സിന്റെ എണ്ണം കുറച്ച് ടിറ്റർ തന്റെ അക്കൗണ്ടിൽ കൃത്രിമം കാണിച്ചുവെന്ന് നേരത്തെ രാഹുൽ ഗാന്ധി ആരോപണമുയർത്തിയിരുന്നു. ഇക്കാര്യമടക്കം ചൂണ്ടിക്കാട്ടി രാഹുൽ പരാഗ് അഗർവാളിന് കത്തയക്കുകയും ചെയ്തിരുന്നു. എന്നാൽ ടിറ്റർ ഈ ആരോപണം നിഷേധിക്കുകയാണ് ചെയ്തത്.



# കെഎസ് യുവിനെ നയിക്കാൻ അലോഷ്യസ് സേവ്യർ; പുതിയ പ്രസിഡൻറായി നിയമിച്ചു

തിരുവനന്തപുരം: അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കേരള സ്റ്റുഡന്റ്സ് യൂണിയന് പുതിയ നേതൃത്വം. അലോഷ്യസ് സേവ്യറിനെ കെ.എസ്.യു പ്രസിഡൻറായി എ.ഐ.സി.സി നിയമിച്ചു. മുഹമ്മദ് ഷമ്മാസ്, ആൻ സെബാസ്റ്റ്യൻ എന്നിവരെ വൈസ് പ്രസിഡൻറുമാരാക്കി. സ്ഥാനമൊഴിഞ്ഞ കെ.എം അഭിജിത്തിനെ എൻ.എസ്.യു.ഐ ദേശീയ ജനറൽ ജനറൽ സെക്രട്ടറിയായും നിയമിച്ചു.

അലോഷ്യസ് സേവ്യർ ഇടുക്കി സ്വദേശിയാണെങ്കിലും നിലവിൽ കെ.എസ്.യുവിന്റെ എറണാകുളം ജില്ലാ പ്രസിഡന്റാണ്. കെഎസ്യു അധ്യക്ഷ സ്ഥാനത്തേക്ക് അലോഷ്യസ് സേവ്യറിന്റെ പേരാണ് ഉമ്മൻ ചാണ്ടി ശക്തമായി നിർദേശിച്ചത്. വിഡി സതീശനും അലോഷ്യസ് സേവ്യറിനായി വാദിച്ചതോടെ എതിർപ്പുകൾ മറികടന്ന് അലോഷ്യസിന് പദവി ഉറപ്പിക്കാനായി.

2017ൽ നടത്തിയ പുനസംഘടനയിലൂടെയാണ് അഭിജിത്ത് കെഎസ്യു സംസ്ഥാന അധ്യക്ഷ സ്ഥാനത്തേക്ക് എത്തുന്നത്. പുനസംഘടന അനന്തമായി നീളുന്നതിൽ സംഘടനയ്ക്ക് അകത്തും വലിയ പ്രതിഷേധമുണ്ടായിരുന്നു. ഒടുവിൽ അഭിജിത്തിന്റെ രാജി പ്രഖ്യാപനത്തോടെ പുനസംഘടന നടത്താതെ വഴിയില്ലെന്ന അവസ്ഥയായി. രണ്ട് വർഷമായിരുന്നു കാലാവധിയെങ്കിലും അഞ്ച് വർഷത്തിലേറെ കാലം ഈ പദവിയിൽ അഭിജിത്ത് തുടർന്നു. കഴിഞ്ഞ ആഴ്ചയാണ് അഭിജിത്ത് കെഎസ്യു അധ്യക്ഷസ്ഥാനം ഒഴിയുന്നതായി പ്രഖ്യാപിച്ചത്.



# വായുമലിനീകരണം; തുടർച്ചയായ നാലാംദിവസവും മോശം നിലവാരത്തിൽ

**ന്യൂഡൽഹി:** തലസ്ഥാനത്തെ വായുനിലവാരം തുടർച്ചയായി നാലാംദിവസവും 'വളരെ മോശം' വിഭാഗത്തിൽ. മിക്കയിടങ്ങളിലും വായുനിലവാരസൂചികയിൽ 301-നും 400-നും ഇടയിലാണ് രേഖപ്പെടുത്തുന്നതെന്നും കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് അറിയിച്ചു. ആനന്ദ് വിഹാറിലും (428) അശോക് വിഹാറിലും (405) വായു 'ഗുരുതര' നിലയിലേക്ക് കടന്നു.

വായുനിലവാരസൂചിക പൂജ്യത്തിനും 50-നും ഇടയിലാണെങ്കിൽ വായുനിലവാരം 'മികച്ച'താണെന്ന് കണക്കാക്കും. 51-നും 100-നും ഇടയിലാണെങ്കിൽ 'തൃപ്തികരം', 101-നും 200-നുമിടയിൽ 'ഇടത്തരം', 201-നും 300-നുമിടയിൽ 'മോശം', 301-നും 400-നുമിടയിൽ 'വളരെ മോശം', 401-നും 500-നുമിടയിൽ 'ഗുരുതരം' എന്നിങ്ങനെയാണ് കണക്കാക്കുക.

ദീപാവലിയോടടുത്താണ് വായുനിലവാരം വളരെ മോശം സ്ഥിതിയിലേക്കെത്തിയത്. കാറ്റിന്റെ അഭാവം, പടക്കം പൊട്ടിക്കൽ, തണുത്ത അന്തരീക്ഷം, അയൽ സംസ്ഥാനങ്ങളിലെ വൈക്കോൽ അവശിഷ്ടം കത്തിക്കൽ തുടങ്ങിയ ഒട്ടേറെകാരണങ്ങളുടെ ഫലമായാണ് ഇത്.

ഈ മാസം 19-ന് ഗ്രേഡഡ് ആക്ഷൻ റെസ്പോൺസ് പ്ലാൻ (ഗ്രാപ്) നിലവിൽവന്നു. ഇതുപ്രകാരം മലിനീകരണംതടയാൻ ഒട്ടേറെനിയന്ത്രണങ്ങൾ നിലവിൽവന്നു. വായു ഗുണനിലവാര സൂചികയെ (എ.ക്യു.ഐ.) അടിസ്ഥാനമാക്കിയാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്.

നിയന്ത്രണങ്ങൾ ഇങ്ങനെ

വായു മോശം നിലയിലാണെങ്കിൽ- 500 ചതുരശ്ര മീറ്ററിന് മുകളിലുള്ള നിർമാണ പ്രവർത്തനങ്ങൾ പൊടി നിയന്ത്രണത്തിന്റെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഊർജത്തിനായി ഡീസൽ ജനറേറ്ററിനെ സ്ഥിരം ആശ്രയിക്കുന്നതിന് വിലക്കേർപ്പെടുത്തും.

വളരെ മോശം നിലയിലാണെങ്കിൽ- അത്യാവശ്യ സേവനങ്ങൾക്കൊഴികെ ഡീസൽ ജനറേറ്റർ വിലക്കും. ഹോട്ടലുകളിൽ കൽക്കരിയും വിറകും ഉപയോഗിച്ച് തന്തൂരി ഉണ്ടാക്കുന്നതിന് വിലക്കേർപ്പെടുത്തും. പാർക്കിങ് ഫീസ് വർധിപ്പിച്ച് സ്വകാര്യ വാഹന യാത്ര നിരുത്സാഹപ്പെടുത്തും.

ഗുരുതരമാണെങ്കിൽ - ആശുപത്രികൾ, ജലവിതരണം, വിമാനത്താവളം, റെയിൽവേ പദ്ധതികൾ ഒഴികെയുള്ള എല്ലാ കെട്ടിട നിർമാണത്തിനും പൊളിക്കലിനും വിലക്ക്. പി.എൻ.ജി ഇതര ഇന്ധനത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തിയേക്കും. ബി.എസ്.-3 പെട്രോൾ കാറുകൾക്കും ബി.എസ്-4 ഡീസൽ കാറുകൾക്കും നിയന്ത്രണമുണ്ടാകും.

അതിഗുരുതരമാണെങ്കിൽ- ഏറ്റവും കർശനമായ നിയന്ത്രണം ഏർപ്പെടുത്തും. അവശ്യവസ്തുകൾ നീക്കം ചെയ്യുന്നതിനൊഴികെ ട്രക്കുകളും ഡൽഹി രജിസ്ട്രേഷനുള്ള മീഡിയം, ഹെവി ഡീസൽ ചരക്കുവാഹനങ്ങളും വിലക്കും. സ്കൂളുകൾ അടയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാരിന് സ്വീകരിക്കാം.



# മാതൃഭൂമി ഡയറക്ടർ ഉഷ വീരേന്ദ്രകുമാർ അന്തരിച്ചു

കോഴിക്കോട്: മാതൃഭൂമി ഡയറക്ടർ ബോർഡ് അംഗം ഉഷ വീരേന്ദ്രകുമാർ(82) അന്തരിച്ചു. എഴുത്തുകാരനും പ്രഭാഷകനും സോഷ്യലിസ്റ്റ് നേതാവും മന്ത്രിയും മാതൃഭൂമി മാനേജിങ് ഡയറക്ടറുമായിരുന്ന പരേതനായ എം.പി. വീരേന്ദ്രകുമാറിന്റെ ഭാര്യയാണ്.

ബെൽഗാമിലെ ബാബുറാവ് ഗുണ്ടപ്പ ലേംഗഡെയുടെയും ബ്രാഹ്മിലയുടെയും മകളായ ഉഷാദേവി 1958- ലാണ് വീരേന്ദ്രകുമാറിന്റെ ജീവിതസഖിയായത്.

വീരേന്ദ്രകുമാറിന്റെ ജീവിതത്തിലുടനീളം ഉഷ കൂടെയുണ്ടായിരുന്നു. ലോകം മുഴുവൻ സഞ്ചരിച്ച വീരേന്ദ്രകുമാറിന്റെ യാത്രകളിലെല്ലാം അവരും ഒപ്പമുണ്ടായിരുന്നു. എഴുത്തുകാരനും വാഗ്മിയും ജനപ്രതിനിധിയും സമരനായകനുമെല്ലാമായി എം.പി. വീരേന്ദ്രകുമാർ പടർന്നു പന്തലിച്ചപ്പോൾ അതിന്റെ വേരായിരുന്നു എല്ലാ അർഥത്തിലും ഉഷ.

മക്കൾ: എം.വി. ശ്രേയാംസ് കുമാർ (മാനേജിങ് ഡയറക്ടർ, മാതൃഭൂമി), എം.വി. ആശ, എം.വി. നിഷ, എം.വി. ജയലക്ഷ്മി. മരുമക്കൾ: എം.ഡി. ചന്ദ്രനാഥ്, കവിത ശ്രേയാംസ് കുമാർ, ദീപക് ബാലകൃഷ്ണൻ (ബെംഗളൂരു).

ഇന്നലെ വൈകീട്ടുവരെ കോഴിക്കോട് ചാലപ്പുറത്തെ വസതിയിൽ പൊതുദർശനം. നാളെ (ശനിയാഴ്ച) രാവിലെ വയനാട്ടിലേക്ക്. സംസ്കാര ചടങ്ങുകൾ വൈകിട്ട് 3 മണിക്ക് പുളിയാർമലയിലെ വീട്ടുവളപ്പിൽ.

**സഹോദരിയെ നഷ്ടപ്പെട്ട വേദന-പി.വി. ചന്ദ്രൻ**

സഹോദരിയെ നഷ്ടപ്പെട്ട വേദനയാണ് ഉഷ വീരേന്ദ്രകുമാറിന്റെ മരണത്തോടെ അനുഭവപ്പെടുന്നതെന്ന് മാതൃഭൂമി ചെയർമാൻ ആൻഡ് മാനേജിങ് എഡിറ്റർ പി.വി. ചന്ദ്രൻ. 45 വർഷത്തെ സ്നേഹബന്ധമാണ് ഓർമയാകുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിക്കുമ്പോൾ കൂടെയുണ്ടായിരുന്ന കുടുംബാഗത്തേയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. വിയോഗത്തിൽ ഏറെ വേദനിക്കുന്നു.

**മന്ത്രി അഹമ്മദ് ദേവർകോവിൽ അനുശോചിച്ചു**

വീരേന്ദ്രകുമാറിന്റെ സഹധർമിണി ഉഷയുടെ വിയോഗം ഏറെ ദുഃഖത്തോടെയാണ് ശ്രവിച്ചത്. വീരേന്ദ്രകുമാറിന്റെ ജീവിതത്തിൽ കൂടെ നിന്ന് കരുത്ത് നൽകിയ വ്യക്തിത്വത്തിന് ഉടമയാണ് ഓർമയാകുന്നത്. വീരേന്ദ്രകുമാറിന്റെ വിയോഗത്തിന്റെ ഞെട്ടൽ മാറും മുമ്പ് ഉണ്ടായ ഈ വിയോഗത്തിൽ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

**കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ അനുശോചിച്ചു**

ന്യൂഡൽഹി: മുതിർന്ന നേതാവും മുൻ രാജ്യസഭാംഗവുമായ അന്തരിച്ച എം.പി വീരേന്ദ്രകുമാറിന്റെ പത്നി ഉഷ വീരേന്ദ്രകുമാറിന്റെ വിയോഗത്തിൽ കേന്ദ്ര ഐ.ടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ അനുശോചനം രേഖപ്പെടുത്തി. മകൻ എം.വി ശ്രേയാംസ്കുമാർ, മറ്റു കുടുംബാംഗങ്ങൾ എന്നിവരുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നു മന്ത്രി വ്യക്തമാക്കി.

**സ്പീക്കർ എ.എൻ. ഷംസീർ അനുശോചിച്ചു**

തിരുവനന്തപുരം: സോഷ്യലിസ്റ്റ് നേതാവും മുൻമന്ത്രിയും മാതൃഭൂമി മാനേജിങ് ഡയറക്ടറുമായിരുന്ന പരേതനായ എം.പി. വീരേന്ദ്രകുമാറിന്റെ ശക്തിയായിരുന്നു ഭാര്യ ഉഷ വീരേന്ദ്രകുമാർ എന്ന് സ്പീക്കർ എ.എൻ. ഷംസീർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ സ്പീക്കറും പങ്കുചേർന്നു.

**എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ അനുശോചിച്ചു**

വിരേന്ദ്രകുമാർ എന്ന പൊതുപ്രവർത്തകന്റെ ജീവിതത്തിലെ താങ്ങും തണലും ശക്തിയുമായിരുന്നു ഉഷ ചേച്ചി. ഇക്കാര്യം യശശരീരനായ വിരേന്ദ്രകുമാർ നേരത്തെ പലഘട്ടത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഒരു പൊതുപ്രവർത്തകന്റെ തിരക്കുകൾക്കിടയിൽ അവരെ കുടുംബവും സമൂഹവുമായി ഇണക്കിചേർക്കുന്ന വലിയ കടമ ഉത്തരവാദിത്തത്തോടെ നിർവഹിച്ച ഉഷ ചേച്ചി വിരേന്ദ്രകുമാറെന്ന മഹാരഥന്റെ വളർച്ചയിൽ നൽകിയ പിന്തുണയും സ്നേഹവും ഒരിക്കലും മാറ്റിനിർത്താൻ കഴിയില്ല. അറിവിന്റെ കലവറയായും മലയാളത്തിന്റെ സ്പന്ദനമായും മാതൃഭൂമി എന്ന പ്രസ്ഥാനത്തെ അടയാളപ്പെടുത്തുന്നതിൽ ഉഷാ വീരേന്ദ്രകുമാർ വഹിച്ച പങ്ക് അവിസ്മരണീയമാണ്.


മകൻ ശ്രേയംസ് കുമാറിനൊപ്പം നിരവധി തവണ ആ വീട്ടിൽ പോകുന്നതിനും ഒരമ്മയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനും ലഭിച്ച അവസരങ്ങൾ ഈയവസരത്തിൽ സ്മരിക്കുന്നു. വിരേന്ദ്രകുമാറിന്റെ ജീവിതത്തിലെ നിഴലായി സഞ്ചരിച്ച ഉഷചേച്ചിയുടെ വിയോഗത്തിൽ വേദനിക്കുന്ന കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം ആ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മന്ത്രി പി.എ. മുഹമ്മദ് റിയാസ് അനുശോചിച്ചു**

മാതൃഭൂമിയുടെ ഡയറക്ടർ ബോർഡ് അംഗമാണ് ഉഷ വീരേന്ദ്രകുമാർ. പരേതനായ എം.പി. വീരേന്ദ്രകുമാറിൻറെ ജീവിതത്തിലുടനീളം ഉണ്ടായിരുന്ന ഉഷ വീരേന്ദ്രകുമാർ അദ്ദേഹത്തോടൊപ്പം ലോകം മുഴുവൻ സഞ്ചരിച്ചിട്ടുണ്ട്. കുടുംബാംഗങ്ങളുടെയും മാതൃഭൂമിയുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

**പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അനുശോചിച്ചു**

മാതൃഭൂമി മുൻ മാനേജിംഗ് ഡയറക്ടറും എഴുത്തുകാരനും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന എം.പി. വീരേന്ദ്രകുമാറിന്റെ പത്നിയായ ഉഷ അക്ഷരാർത്ഥത്തിൽ അദ്ദേഹത്തിന്റെ ശക്തിയായിരുന്നു. രാഷ്ട്രീയക്കാരൻ എന്നതിനൊപ്പം താൻ ഒരു അച്ഛനും, ഭർത്താവും സഹോദരനും ആണെന്ന തിരിച്ചറിവ് പലപ്പോഴായി ഉണ്ടാക്കിത്തന്നത് ഭാര്യയാണെന്ന് വീരേന്ദ്രകുമാർ പല അഭിമുഖങ്ങളിലും വ്യക്തമാക്കി






# വരുമാനം നല്ലതുപോലെ കൂടിയാൽ ഒന്നാം തീയതി ശമ്പളം, സ്വിഫ്റ്റിന് ലഭിക്കുന്ന ലാഭം KSRTCക്ക്- ആന്റണി രാജു

**തിരുവനന്തപുരം:** വരുമാനം നല്ലതു പോലെ കൂടിയാൽ ഒന്നാം തീയതി തന്നെ ശമ്പളം നൽകുമെന്ന് ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു. കെ.എസ്.ആർ.ടി.സി. ആസ്ഥാനത്ത് സ്ഥാപിച്ച സോളാർ പവർ പ്ലാന്റ്, ആധാർ അധിഷ്ഠിത ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം, ഇ സർവ്വീസ് ബുക്ക് എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പ്രതിദിന കളക്ഷൻ റെക്കോർഡ് നേടുന്നതിന് പ്രയത്നിച്ച ജീവനക്കാക്കുള്ള ക്യാഷ് അവാർഡുകളും മന്ത്രി വിതരണം ചെയ്തു. ജീവനക്കാരിൽ നിന്നും മികച്ച സഹകരണമാണ് സർക്കാരിന് ലഭിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലം വാർത്ത സൃഷ്ടിച്ച സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. അതിനുള്ള പ്രധാനകാരണം ജനങ്ങളും മാധ്യമങ്ങളും കെ.എസ്.ആർ.ടി.സിയെ നെഞ്ചോട് ചേർത്തത് കൊണ്ടാണ്. ലാഭം മാത്രമല്ല കെ.എസ്.ആർ.ടി.സിയുടെ ലക്ഷ്യം, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രസൗകര്യം ഒരുക്കുകയാണ്. അത് സ്വന്തം വരുമാനത്തിൽ നിന്നായാൽ അത്രയും നല്ലതെന്ന് മന്ത്രി പറഞ്ഞു. കെ.എസ്.ആർ.ടി.സിയെ നിലനിർത്താൻ കോടിക്കണക്കിന് രൂപയാണ് സർക്കാർ നൽകിയത്. സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോഴും ജീവനക്കാർക്ക് വേണ്ടി ശമ്പള പരിഷ്കരണം യാഥാർത്ഥ്യമാക്കി. ഇന്ധന വിലവർധനവ് ഉൾപ്പെടെ പലകാര്യങ്ങളും തകിടം മറിച്ചിട്ടും സർക്കാർ സഹായത്താൽ പിടിച്ചുനിന്നു. രാജ്യത്തെ മറ്റുള്ള ആർ.ടി.സിയിൽ ഉള്ളവരെക്കാൾ വളരെ ആത്മാർത്ഥതയുള്ളവരാണ് കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാർ. അതുകൊണ്ട് പ്രതിദിനം എട്ടു കോടി രൂപയിലധികം വരുമാനം ലഭിക്കാനുള്ള നടപടികളുമായി ഇനിയും മുന്നോട്ട് പോകണം. ജീവനക്കാർ സഹകരിക്കണം. ശമ്പളം എപ്പോൾ കിട്ടുമെന്ന് ഉറപ്പില്ലായിരുന്ന സാഹചര്യത്തിൽ നിന്നും ഓരോ മാസം 5-ാം തീയതിക്ക് മുൻപ ് ശമ്പളം കിട്ടുമെന്ന് ഇപ്പോൾ ഉറപ്പാണ്. ആ സാഹചര്യത്തിൽ വരുമാനം നല്ലത് പോലെ കൂട്ടിയാൽ ശമ്പളം ഒന്നാം തീയതി തന്നെ ലഭ്യമാക്കുന്ന നടപടി സ്വീകരിക്കും. വിദ്യാർത്ഥി കൺസഷൻ അടുത്ത അധ്യായന വർഷത്തിൽ ഓൺലൈനിലേക്ക് മാറ്റും. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെക്കുറിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ആശങ്ക വേണ്ടെന്നും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് ലഭിക്കുന്ന ലാഭം കെ.എസ്.ആർ.ടി.സിക്കാണ് വന്നു ചേരുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പ്രതിദിന കളക്ഷൻ റെക്കോർഡിൽ എത്തിച്ച യൂണിറ്റുകൾക്കും ജീവനക്കാർക്കുമുള്ള ക്യാഷ് അവാർഡും പ്രശസ്തി പത്രവും മന്ത്രി വിതരണം നടത്തി. 2022 സെപ്തംബർ 12 ന് 3941 ബസുകൾ ഉപയോഗിച്ച് പ്രതിദിന വരുമാനം 8.40 കോടി രൂപ എന്ന ചരിത്രം നേട്ടം കൈവരിക്കുന്നതിന് പങ്കാളികളായ ജീവനക്കാർക്കും യൂണിറ്റുകൾക്കുമാണ് ക്യാഷ് അവാർഡ് നൽകിയത്.

സംസ്ഥാനതലത്തിൽ നിശ്ചയിച്ച തുകയേക്കാൾ ഏറ്റവും ഉയർന്ന വർധനവ് നേടിയ കോഴിക്കോട് യൂണിറ്റിനും സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ തിരുവനന്തപുരം സെൻട്രൽ യൂണിറ്റിനും ഒരു ലക്ഷം രൂപ വീതം നൽകി.

സംസ്ഥാനതലത്തിൽ ഏറ്റവും ഉയർന്ന ഇ.പി.കെ.എം നേടിയ വെള്ളറട യൂണിറ്റിന് 1 ലക്ഷം രൂപയും, നിശ്ചിത ടാർജറ്റിന് മുകളിൽ വരുമാനം നേടിയ മറ്റ് 34 യൂണിറ്റുകൾക്ക് 25,000 രൂപ വീതവുമാണ് അവാർഡായി നൽകിയത്.

സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന് ഇ.പി.കെ.എം, ഇ.പി.ബി നേടിയ ഡ്രൈവർ/ കണ്ടക്ടർമാരായ 4 പേരായ തിരുവനന്തപുരം വെഞ്ഞാറമൂട് യൂണിറ്റിലെ വി.എൽ സന്തോഷ് കുമാർ (ഡ്രൈവർ), ബി.കെ. വിനോദ് ( കണ്ടക്ടർ), തിരുവനന്തപുരം സെൻട്രൽ യൂണിറ്റിലെ രഞ്ജിത്ത് ആർ ( ഡ്രൈവർ), സമീർ ജെ ( കണ്ടക്ടർ) എന്നിവർക്ക് 5000 രൂപ വീതവും, ജില്ലാ തലത്തിൽ ഏറ്റവും ഉയർന്ന് ഇ.പി.കെ.എം, ഇ.പി.ബി നേടിയ ഡ്രൈവർ/ കണ്ടക്ടർമാരായ 56 പേർക്ക് 3000 രൂപ വീതവും സമ്മാനിച്ചു. ഇതോടൊപ്പം കോഴിക്കോട് റീജണൽ വർക്ക് ഷോപ്പിലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ പരിസര മലിനീകരണം ഇല്ലാതെ നശിപ്പിക്കുന്നതിന് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഇൻസിനറേറ്റർ നിർമ്മിക്കാൻ നേതൃത്വം നൽകിയ ജീവനക്കാരേയും ആദരിച്ചു.

# നേരിയ പ്രതീക്ഷ; ഓസോൺ പാളിയിലെ വിള്ളൽ ചുരുങ്ങുന്നുവെന്ന് പഠനം

ഓസോൺ പാളിയിലെ വിള്ളൽ ചുരുങ്ങുന്നതായി പഠനങ്ങൾ. ദക്ഷിണധ്രുവത്തിലാണ് ഈ പ്രതിഭാസം. മേഖലയിലെ ഓസോൺ പാളിയിലെ വിള്ളൽ ഈ വർഷം സെപ്റ്റംബർ ഏഴിനും ഒക്ടോബർ 13 നുമിടയിൽ 23.2 മില്ല്യൺ സ്ക്വയർ കിലോമീറ്ററെന്ന തോതിലെത്തി. മുൻവർഷങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കുറവാണ്. 2021-ൽ ഇത് 24.8 മില്ല്യൺ സ്ക്വയർ കിലോമീറ്ററായിരുന്നു.

അന്റാർട്ടിക്കയിലെ അന്തരീക്ഷത്തിൽ സ്ട്രോറ്റോസ്പിയറിനും മുകളിലായിട്ടാണ് വിള്ളൽ കാണപ്പെടുന്നത്. എല്ലാവർഷവും സെപ്റ്റംബറിലാണ് മേഖലയിൽ മാറ്റങ്ങൾ പ്രകടമാകുക. കഴിഞ്ഞ രണ്ട് ദശാബ്ദത്തിനിടെ വിള്ളൽ ചുരുങ്ങുന്ന പ്രതിഭാസത്തിനാണ് മേഖല സാക്ഷ്യം വഹിക്കുന്നത്.

ഓസോൺ പാളികളിലെ വിള്ളലുമായി ബന്ധപ്പെട്ട സംരക്ഷണത്തിന് കൊണ്ടുവന്ന മോൺട്രിയൽ പ്രോട്ടോക്കോൾ ഫലം ചെയ്തതായി കണക്കാക്കാമെന്ന് വിദ്ഗധർ പറയുന്നു. നാസയിലെയും നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷനിലെയും ഗവേഷകരാണ് കണ്ടെത്തലിന് പിന്നിൽ. ഉപഗ്രഹങ്ങളുടെ സഹായത്തോടെയാണ് വിള്ളലിലെ തോത് നിർണയിച്ചത്.

ഉപഗ്രഹങ്ങളുടെ സഹായത്തോടെ നടത്തിയ പരിശോധനയിൽ ഒക്ടോബർ അഞ്ചിന് മാത്രമാണ് കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതലായി വർധനവ് രേഖപ്പെടുത്തിയത്. അതായത് 26.4 മില്ല്യൺ സ്ക്വയർ കിലോമീറ്റർ. 1990 കളുടെ അവസാനത്തിലെയും 2000 ത്തിന്റെ തുടക്കത്തിലുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ് 2022-ലേത്. ക്ലോറോഫ്ളൂറോ കാർബണുകളാണ് ഓസോൺ പാളിയുടെ വിള്ളലിലേക്ക് നയിക്കുന്നത്.



# ദേശീയപാത വികസനം: ബുദ്ധിമുട്ട് പരിഹരിക്കാൻ ഇടപെട്ട് മന്ത്രി ജി.ആർ. അനിൽ

**തിരുവനന്തപുരം:** ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് കണിയാപുരം പ്രദേശത്തെ നിർമാണപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി മന്ത്രി ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.കഴക്കൂട്ടം എലിവേറ്റഡ് ഹൈവേ അവസാനിക്കുന്നിടത്ത് നിന്ന് കടമ്പാട്ടുകോണം വരെയാണ് നിലവിലെ ആറ് വരി ദേശീയപാത നിർമാണം. നിലവിലെ പ്ലാനിൽ വെട്ടുറോഡ് മുതൽ കണിയാപുരം വരെയുള്ള ഭാഗത്ത് മൂന്ന് അണ്ടർപാസുകളും ബാക്കിയുള്ള ഭാഗത്ത് എട്ട് മീറ്റർ ഉയരത്തിൽ രണ്ട് വശവും മതിൽ കെട്ടി അടച്ചനിലയിലുമായിരുന്നു നിർമാണം. ഇതുകാരണം പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന വലിയ ബുദ്ധിമുട്ടിന് പരിഹാരം കാണാനാണ് മന്ത്രി ഇടപെടൽ നടത്തിയത്.1.3 കിലോമീറ്റർ ദൂരത്ത് ഫ്ലൈ ഓവർ നിർമിക്കണമെന്ന നിവേദനം അടിയന്തരമായി കേന്ദ്ര സർക്കാറിന് സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചു. ജില്ല പഞ്ചായത്ത്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് സംയുക്തമായി ഇതു സംബന്ധിച്ച പ്രമേയം അംഗീകരിക്കുമെന്നും ബന്ധപ്പെട്ട ജനപ്രതിനിധികൾ യോഗത്തെ അറിയിച്ചു.അണ്ടൂർക്കോണം കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദ്, പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഹരികുമാർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

# ഉദ്യോഗസ്ഥവാഴ്ചക്കെതിരെ ഒറ്റക്കെട്ടായി കൗൺസിൽ




**കൊല്ലം:** വ്യാജ ഒപ്പിട്ടുള്ള ക്രമക്കേട് മുതൽ ആവശ്യമായ പണിയെടുക്കുന്നില്ല എന്നത് വരെ ഒന്നിന് പിറകെ ഒന്നായി ഉദ്യോഗസ്ഥരെ കുറിച്ചുള്ള പരാതികളിൽ ഒറ്റക്കെട്ടായി കോർപറേഷൻ കൗൺസിൽ യോഗം. മേയറെക്കാൾ വലിയ അധികാരി ചമയുന്ന ഉദ്യോഗസ്ഥരാണ് ഉള്ളതെന്ന് ഭരണ–പ്രതിപക്ഷ ഭേദമില്ലാതെ കൗൺസിലർമാർ പരാതിക്കെട്ട് അഴിച്ചതോടെ ജോലി ചെയ്യാൻ വയ്യാത്തവർക്കും ക്രമക്കേട് നടത്തുന്നവർക്കും സ്ഥിരമായി വീട്ടിലിരിക്കാനുള്ള സൗകര്യമൊരുക്കാമെന്ന 'ഉറപ്പ്'നൽകി മേയർ പ്രസന്ന ഏണസ്റ്റും സ്വരം കടുപ്പിച്ചു.ഉദ്യോഗസ്ഥരെക്കുറിച്ചുള്ള പരാതി ഗൗരവതരമെന്ന് പറഞ്ഞ മേയർ, ആരും അറിയാത്ത അധികാരകേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിൽ കർശന നടപടിയുണ്ടാകുമെന്ന് വ്യക്തമാക്കി. കോർപറേഷനിലെ പല പ്രശ്നങ്ങളും മേയർക്ക് മുന്നിൽ എത്താതിരിക്കുന്നതാണ് പലപ്പോഴും കാലതാമസം വരുത്തുന്നത്.ഇനിമുതൽ കോർപറേഷൻ ഓഫിസിൽ നിർവഹണ ചുമതല വഹിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും കൗൺസിൽ യോഗത്തിൽ പങ്കെടുക്കണമെന്നും മേയർ നിർദേശം നൽകി. ആലാട്ടുകാവ് ഡിവിഷനിലെ പൊൻപുലരി കുടുംബശ്രീ യൂനിറ്റിലെ സാമ്പത്തിക ഇടപാട് സംബന്ധിച്ച പരാതി കഴിഞ്ഞ കൗൺസിൽ യോഗത്തിൽ ഉന്നയിച്ചപ്പോൾ സ്ഥിരംസമിതി അധ്യക്ഷൻ എസ്. ജയൻ ഉയർത്തിക്കാട്ടിയ അയൽക്കൂട്ടയോഗ മിനിറ്റ്സ് വ്യാജമായിരുന്നെന്ന ആരോപണവുമായി പൊതുചർച്ചയുടെ തുടക്കത്തിൽ തന്നെ യു.ഡി.എഫ് അംഗങ്ങൾ രംഗത്തെത്തി.വ്യാജ മിനിറ്റ്സ് ഉപയോഗിച്ച് കൗൺസിലിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നെന്നും ഇത് ചെയ്ത അധ്യക്ഷൻ രാജിവെക്കണമെന്നും ആവശ്യമുന്നയിച്ച് പ്രതിഷേധസൂചകമായി കോൺഗ്രസ്, ആർ.എസ്.പി കൗൺസിലർമാർ ഇറങ്ങിപ്പോയി.തുടർന്ന് മൂന്ന് മണിക്കൂറോളം കോർപറേഷൻ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയെക്കുറിച്ചും തെരുവുവിളക്ക് പ്രശ്നം ഇനിയും പരിഹരിക്കാത്തതിനെക്കുറിച്ചും പി.എം.വൈ.എ ലൈഫ് പദ്ധതിയിൽ അനർഹർ കടന്നുകൂടുന്നതിനെക്കുറിച്ചും പൊതുചർച്ച ചൂടുപിടിച്ചു.സ്ഥിരംസമിതി അധ്യക്ഷൻ രാജിവെക്കണമെന്ന യു.ഡി.എഫ് ആവശ്യം ആവർത്തിച്ച ബി.ജെ.പിയുടെ ടി.ജി. ഗിരീഷ്, കരാറുകാരുടെ സെക്യൂരിറ്റി തുക വ്യാജ ഒപ്പും സീലും ഉപയോഗിച്ച് കൈമാറിയ കേസിൽ രണ്ട് ക്ലർക്കുമാരിൽ നടപടിയൊതുക്കിയതിനെ നിശിതമായി വിമർശിച്ചു.സംഭവത്തിന് പിന്നിലുള്ള മുഴുവൻ പേർക്കെതിരെയും നടപടിയെടുത്തില്ലെങ്കിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും ക്രമക്കേടിലൂടെ പണം വാങ്ങിയ കരാറുകാരനെ കരിമ്പട്ടികയിൽപെടുത്തണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച സി.പി.ഐയുടെ ബി. സാബുവാണ് കൗൺസിലിലെ ചിരകാല പ്രശ്നമായ തെരുവുവിളക്ക് വിഷയത്തിൽ ചർച്ചക്ക് തിരികൊളുത്തിയത്. ഡിവിഷനിൽ സ്ഥാപിക്കാൻ എത്തിച്ചത് പഴയ ട്യൂബ് ലൈറ്റുകളാണെന്നും കത്തിച്ചതിന് പിന്നാലെ അണയുകയാണെന്നും പരാതി ഉയർത്തിയ അദ്ദേഹം ഈ സ്ഥിതി തുടർന്നാൽ സ്ഥിരംസമിതി അധ്യക്ഷൻറെ വീടിന് മുന്നിൽ ഉപരോധം നടത്തേണ്ട സ്ഥിതി വരുമെന്നും പറഞ്ഞു. പ്രിയദർശനും തെരുവുവിളക്ക് വിഷയത്തിൽ ഇനിയും സഹിക്കാനാകില്ലെന്ന നിലപാടെടുത്തു.കോളനികളിലെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെ വിഷയങ്ങളിൽ പട്ടികജാതി വിഭാഗം ഓഫിസർ നിഷേധാത്മക നിലപാട് കൈക്കൊള്ളുന്നെന്ന എ. നൗഷാദിൻറെ പരാതി പ്രിയദർശനും ശരിവെച്ചു.ഈ ഓഫിസറെക്കുറിച്ച് കടുത്ത ഭാഷയിലാണ് കൗൺസിലർമാർ പരാതി ഉന്നയിച്ചത്. ഇതോടെയാണ് കൗൺസിൽ യോഗത്തിൽ ചുമതലയുള്ള എല്ലാ ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് മേയർ നിർദേശം നൽകിയത്. തീരപ്രദേശത്തെ 2500ലധികം വീടുകൾക്ക് നമ്പർ നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ തീരുമാനം എടുക്കാത്തതിനെകുറിച്ച് രണ്ട് വർഷം മുമ്പ് നൽകിയ പരാതിയിൽ ഇനിയും നടപടി ഉണ്ടാകാത്തത് ജെ. സ്റ്റാൻലി ഉയർത്തിക്കാട്ടി. അർഹതയില്ലാത്ത രണ്ടുപേർക്ക് പി.എം.വൈ.എ ലൈഫ് പദ്ധതിയിൽ വീട് നൽകിയതിനെക്കുറിച്ച് ബി.ജെ.പിയുടെ ബി. ഷൈലജ പരാതി ഉന്നയിച്ചു. കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് വീട് നൽകാൻ ഉദ്യോഗസ്ഥർ അളവെടുപ്പ് നടത്തിയതായി ഹണി ബെഞ്ചമിനും വ്യക്തമാക്കി.മേയറോ സെക്രട്ടറിയോ ആണെന്ന നിലപാടാണ് ക്ലർക്കുമാർക്കുള്ളതെന്നും ചെറുപ്പക്കാരായ കരാറുകാരെ കോർപറേഷനിൽനിന്ന് ഓടിക്കുന്നതിന് ചരടുവലികളാണ് ഉദ്യോഗസ്ഥർ നടത്തുന്നതെന്നും ഇതിൻറെ ഭാഗമായാണ് കാലാവധി കഴിഞ്ഞിട്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകാത്തതെന്നും ഹണി ബെഞ്ചമിൻ പറഞ്ഞു. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ ഒരുരീതിയിലും സംരക്ഷിക്കില്ലെന്ന് സ്ഥിരംസമിതി അധ്യക്ഷരായ എസ്. ജയനും ജി. ഉദയകുമാറും മറുപടി നൽകി. കുടുംബശ്രീ പരാതിയിൽ അന്വേഷണത്തിൻറെ ഭാഗമായി പ്രോജക്ട് ഓഫിസർ നൽകിയ മിനിറ്റ്സാണ് കൗൺസിൽ യോഗത്തിൽ വെച്ചതെന്ന് എസ്. ജയൻ പറഞ്ഞു.ഭവനപദ്ധതിയിൽ അനർഹർ കയറിക്കൂടാതിരിക്കാൻ കൗൺസിലർമാർ കൂടുതൽ ജാഗ്രത കാട്ടണമെന്നും പരാതി വരുന്നതനുസരിച്ച് നടപടിയെടുക്കുമെന്നും അദേഹം പറഞ്ഞു. തെരുവുവിളക്കുകൾക്കായി പുതിയ ലൈറ്റുകളാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും റദ്ദാക്കിയ ഇ–സ്മാർട്ട് കരാറിന് പകരം പുതിയ സംവിധാനം ആലോചനയിലാണെന്നും ജി. ഉദയകുമാർ പറഞ്ഞു. തുടർന്ന് 74 അജണ്ടകൾ ചർച്ച ചെയ്ത കൗൺസിൽ ഒരെണ്ണം ഒഴികെ എല്ലാം പാസാക്കി. ഡെപ്യൂട്ടി മേയർ കൊല്ലം മധു, സ്ഥിരംസമിതി അധ്യക്ഷരായ ഗീതാകുമാരി, യു. പവിത്ര എന്നിവരും സംസാരിച്ചു.



# താലൂക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ച സംഭവം; അന്വേഷണത്തിന് ഉത്തരവ്

**തിരുവല്ല:** തിരുവല്ല താലൂക്ക് ആശുപത്രിയിൽ ഒടിഞ്ഞ കാലുമായി ചികിത്സക്കെത്തിയ രോഗിക്ക് ഡോക്ടർ ചികിത്സ നിഷേധിച്ച സംഭവത്തിൽ ആരോഗ്യ മന്ത്രി അടിയന്തര അന്വേഷണത്തിന് ഉത്തരവിട്ടു. തിരുമൂലപുരം പാറശ്ശേരി വീട്ടിൽ എം.കെ. കുഞ്ഞുമോൾക്ക് ചികിത്സ നിഷേധിച്ച സംഭവത്തിലാണ് ആരോഗ്യ മന്ത്രി വീണ ജോർജ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഈമാസം 11ന് നടന്ന സംഭവത്തിൽ കുഞ്ഞുമോൾ കഴിഞ്ഞ ബുധനാഴ്ചയാണ് ആരോഗ്യ മന്ത്രിക്കും ജില്ല മെഡിക്കൽ ഓഫിസർക്കും പരാതി നൽകിയത്. കാൽപാദത്തിലെ നീരുമായി മകൾക്കൊപ്പം അതിവേദനയോടെ ആശുപത്രിയിലെ ഓർത്തോ സർജനായ ഡോ. സെബാസ്റ്റ്യൻറെ അടുത്താണ് ചികിത്സ തേടിയെത്തിയത്. എന്നാൽ, കാര്യമായ പരിശോധന നടത്താതെ വേദനക്കുള്ള മരുന്ന് നൽകിയ ശേഷം ഉപ്പുവെള്ളത്തിൽ കാൽപാദം മുക്കിവെച്ചാൽ മതിയെന്ന് ഡോക്ടർ പറഞ്ഞുവെന്ന് പരാതിയിൽ പറയുന്നു.എക്സ്റേ എടുത്ത് പരിശോധിക്കണമെന്ന കുഞ്ഞുമോളുടെയും മകളുടെയും ആവശ്യം ഡോക്ടർ നിരാകരിച്ചു. തുടർന്ന് സ്വയമേ സമീപത്തെ സ്വകാര്യ ലാബിൽ എക്സ്റേ എടുത്ത ശേഷം കുഞ്ഞുമോളുമായി കാഷ്വാലിറ്റിയിലെ ഡോക്ടറെ സമീപിച്ചു. എക്സ്റേ പരിശോധിച്ച ഡോക്ടർ കുഞ്ഞുമോളുടെ കാലിൻറെ അസ്ഥിക്ക് തകരാർ സംഭവിച്ചതിനാൽ ഓർത്തോ സർജനെ വീണ്ടും കാണാൻ ആവശ്യപ്പെട്ടു.ഇതിൻപ്രകാരം ഡോ. സെബാസ്റ്റ്യൻറെ അടുത്തെത്തിയ കുഞ്ഞുമോളും മകളും എക്സ്റേ റിപ്പോർട്ടും ഒ.പി ടിക്കറ്റും ഡോക്ടർക്ക് നൽകി .എന്നാൽ, ക്ഷുഭിതനായ ഡോക്ടർ ഇവ രണ്ടും മേശപ്പുറത്തേക്ക് വലിച്ചെറിഞ്ഞതായി കുഞ്ഞുമോളും മകളും പരാതിയിൽ പറയുന്നു. ഇതേ തുടർന്ന് മാവേലിക്കര താലൂക്ക് ആശുപത്രിയിലെ ഓർത്തോ സർജനായ ഡോ. സുഭാഷിൻറെ അടുത്ത് ചികിത്സ തേടി. കുഞ്ഞുമോളുടെ കാൽപാദത്തിന് പൊട്ടൽ സംഭവിച്ചതിനാൽ ശസ്ത്രക്രിയ ആവശ്യമുണ്ടെന്ന് പരിശോധനയിൽ വ്യക്തമായി. വ്യാഴാഴ്ച ഉച്ചയോടെ മാവേലിക്കര താലൂക്ക് ആശുപത്രിയിൽ ശസ്ത്രക്രിയക്കായി കുഞ്ഞുമോളെ പ്രവേശിപ്പിച്ചിരിക്കുകയാണ്.തിങ്കളാഴ്ച ശസ്ത്രക്രിയ നടത്തുമെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. അതേസമയം, സംഭവം സംബന്ധിച്ച് തനിക്ക് പരാതി ഒന്നും ലഭിച്ചില്ലെന്ന് തിരുവല്ല താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ബിജു പ്രതികരിച്ചു.രണ്ടുമാസം മുമ്പ് നെഞ്ചുവേദനയുമായി എത്തിയ തുകലശ്ശേരി സ്വദേശിയെ വണ്ടാനം മെഡിക്കൽ കോളജിലേക്ക് ആരോഗ്യ വകുപ്പിൻറെ ആംബലുൻസിൽ കൊണ്ടുംപോകും വഴി സിലിണ്ടറിലെ ഓക്സിജൻ തീർന്ന് രോഗി മരിച്ച സംഭവം വൻ വിവാദത്തിന് വഴിതെളിച്ചിരുന്നു. ഇതേ തുടർന്ന് ആശുപത്രി സൂപ്രണ്ട് അടക്കമുള്ളവർക്കെതിരെ നടപടി സ്വീകരിച്ചിരുന്നു.

# പക്ഷിപ്പനി; ജില്ലയിലും ജാഗ്രത, കണക്കെടുപ്പ്



**കോട്ടയം:** ഹരിപ്പാട്ട് പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ ജില്ലയിലും മൃഗസംരക്ഷണ വകുപ്പിൻറെ ജാഗ്രത നിർദേശം. താറാവുകൾ ദേശാടനപ്പക്ഷികളുമായി ഇടപഴകാനുള്ള സാധ്യത കണക്കിലെടുത്ത് കായൽ നിലങ്ങളിൽ താറാവുകളെ തീറ്റാൻ കൊണ്ടുപോകുന്നത് തൽക്കാലം നിർത്തിവെക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് നിർദേശം നൽകി.മുൻവർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനു പിന്നാലെ കോട്ടയത്തിൻറെ കായൽമേഖലകളിലും രോഗം കണ്ടെത്തിയിരുന്നു. ആയിരക്കണക്കിന് താറാവുകളെയാണ് വിവിധ വർഷങ്ങളിലായി കൊന്നൊടുക്കിയത്. ദേശാടനപ്പക്ഷികളിൽനിന്നാണ് രോഗം പടരുന്നതെന്നാണ് മൃഗസംരക്ഷണ വകുപ്പിൻറെ വിലയിരുത്തൽ. കേരളത്തിൽ മാത്രമല്ല, ദേശാടനപ്പക്ഷികൾ എത്തുന്ന സമയങ്ങളിൽ രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളിലും രോഗം സ്ഥിരീകരിക്കുന്നുണ്ടെന്ന് ഇവർ പറയുന്നു. മനുഷ്യരിലേക്ക് രോഗം പടരാൻ സാധ്യതയുള്ളതിനാൽ അതിജാഗ്രത പുലർത്തണമെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു. രാജ്യത്ത് ഒരാൾ മരണപ്പെടുന്ന സാഹചര്യം നേരത്തേ ഉണ്ടായതായും ഇവർ ചൂണ്ടിക്കാട്ടുന്നു.അപ്പർ കുട്ടനാട് മേഖലയിൽ വരുന്ന കുമരകം, അയ്മനം, ആർപ്പൂക്കര, വെച്ചൂർ, നീണ്ടൂർ, തലയാഴം പഞ്ചായത്തുകളിലാണ് ജില്ലയിൽ താറാവ് കൃഷിയേറെയുള്ളത്. ഈ പ്രദേശങ്ങൾ വകുപ്പിൻറെ കർശന നിരീക്ഷണത്തിലാണ്. ഇത്തരം മേഖലകളിലെ താറാവുകളുടെ എണ്ണം ശേഖരിക്കാനുള്ള നടപടിയും തുടങ്ങിയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ചാൽ എത്രത്തോളം നഷ്ടമുണ്ടാകുമെന്ന് കണ്ടെത്താനാണ് വിവരശേഖരണം. മുൻ വർഷങ്ങളിൽ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായും ആക്ഷേപമുണ്ടായിരുന്നു. ഇതിന് പരിഹാരം കാണാൻ കൂടി ലക്ഷ്യമിട്ടാണ് താറാവുകളുടെ കൃത്യമായ വിവരം ശേഖരിക്കുന്നത്. മൃഗാശുപത്രികൾ മുഖേനയാണ് കണക്കെടുപ്പ്.നിലവിൽ രോഗലക്ഷണങ്ങളോ അസ്വാഭാവിക സാഹചര്യമോ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. അസ്വാഭാവിക സാഹചര്യത്തിൽ താറാവുകൾ ചാകുന്നതോടെ തൂങ്ങിനിൽക്കുന്നതോ ശ്രദ്ധയിൽപെട്ടാൽ ഉടൻ അറിയിക്കണമെന്നും കർഷകർക്കു നിർദേശം നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യമുണ്ടായാൽ പ്രതിരോധിക്കാൻ മൃഗസംരക്ഷണ വകുപ്പ് സജ്ജമാണെന്നും അധികൃതർ അറിയിച്ചു. മൃഗാശുപത്രികൾക്കും ജാഗ്രത മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.2014ലാണ് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ആദ്യമായി പക്ഷിപ്പനി സ്ഥിരീകരിച്ചത്. മുമ്പ് നൂറിലേറെ കർഷകർ ജില്ലയിൽ താറാവ് കൃഷിയിൽ സജീവമായിരുന്നു. എന്നാൽ, തുടർച്ചയായ വർഷങ്ങളിലെ തിരിച്ചടിമൂലം കർഷകരുടെ എണ്ണം വലിയതോതിൽ കുറഞ്ഞു.



# വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി ഉപയോഗം വാട്സ്ആപ്പിൽ അറിയിക്കാം

**നാഗർകോവിൽ:** കന്യാകുമാരി ജില്ലയിലുള്ള സ്കൂൾ, കോളജുകളിൽ ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരങ്ങൾ ഉണ്ടെങ്കിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും 7010363173 എന്ന നമ്പറിൽ അറിയിക്കാം. അറിയിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. ജില്ലയിൽ ആകെ 240 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്. ഇവിടെ എല്ലാ സ്ഥാപനങ്ങളും മാസത്തിലൊരിക്കൽ ലഹരി വിരുദ്ധ മത്സരങ്ങൾ നടത്തി ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കണം. പഞ്ചായത്ത് തലത്തിലും യോഗങ്ങൾ ചേർന്ന് ലഹരിയുട ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തണം. സർക്കാർ ഓഫിസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ പ്രചാരണ വാട്സ്ആപ് നമ്പർ പ്രദർശിപ്പിക്കണമെന്നും കലക്ടർ എം. അരവിന്ദിന്റെ നേതൃത്വത്തിൽ നടന്ന ഏകോപന സമിതി യോഗത്തിൽ തീരുമാനിച്ചു.എസ്.പി ഹരികിരൺപ്രസാദ്, ഡി.ആർ.ഒ ശിവപ്രിയ, സബ് കലക്ടർ കൗശിക്, ഡി.എഫ്.ഒ. ഇളയരാജ, നാഗർകോവിൽ കോർപറേഷൻ കമീഷണർ ആനന്ദ് മോഹൻ ഉൾപ്പെടെ വിവിധ വകുപ്പ് തലമേധാവികൾ പങ്കെടുത്തു.



# ഡിജിറ്റൽ സർവേ; അഞ്ഞൂറിലധികം ജീവനക്കാർ

**ഇടുക്കി:** സംസ്ഥാന സർക്കാർ എൻറെ ഭൂമി എന്ന പേരിൽ നടപ്പാക്കുന്ന ഡിജിറ്റൽ സർവേ പദ്ധതിക്കായി ജില്ലയിൽ നിയമിക്കുന്നത് അഞ്ഞൂറിലധികം ജീവനക്കാരെ. ആദ്യഘട്ട സർവേക്ക് ജില്ലയിൽനിന്ന് 13 വില്ലേജാണ് തെരഞ്ഞെടുത്തിട്ടുള്ളത്.പദ്ധതിയുടെ ജില്ലതല ഉദ്ഘാടനം നവംബർ ഒന്നിന് ഉച്ചക്ക് 2.30ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി റോഷി അഗസ്റ്റ്യൻ നിർവഹിക്കും.സ്വന്തം ഭൂമിയുടെ കൃത്യമായ അളവും തർക്കമില്ലാത്ത അവകാശരേഖയും ഓരോ ഭൂവുടമക്കും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സർവേ വേഗത്തിൽ നടപ്പാക്കാൻ കരാർ അടിസ്ഥാനത്തിൽ 170 സർവേയർമാരെയും 341 ഹെൽപർമാരെയുമാണ് നിയമിക്കുക. സർവേയർമാരുടെ എഴുത്ത് പരീക്ഷ നടത്തി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. അഭിമുഖം നവംബർ രണ്ട്, മൂന്ന് തീയതികളിൽ നടക്കും. ഹെൽപർമാരുടെ എഴുത്ത് പരീക്ഷ ഒക്ടോബർ 30നാണ്.ജില്ലയിൽ വാത്തിക്കുടി, ഇടുക്കി, പെരുവന്താനം, മഞ്ചുമല, പെരിയാർ, ബൈസൺവാലി, ശാന്തൻപാറ, രാജാക്കാട്, ചിന്നക്കനാൽ, ചതുരംഗപ്പാറ, കൽക്കൂന്തൽ, ഇരട്ടയാർ, കരുണാപുരം എന്നീ 13 വില്ലേജാണ് ആദ്യഘട്ട ഡിജിറ്റൽ സർവേക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.ഇടുക്കി താലൂക്കിലെ വാത്തിക്കുടി വില്ലേജിലാണ് ആദ്യഘട്ട സർവേ നടപടി ആരംഭിക്കുക. ഇതിന് മുന്നോടിയായ ബോധവത്കരണ പരിപാടികൾക്ക് (സർവേസഭ) ജില്ലയിൽ തുടക്കമായി. ഈമാസം 30 വരെ തുടരും.ഡ്രോൺ, ജി.പി.എസ്, ആർ.ടി.കെ, ടോട്ടൽ സ്റ്റേഷൻ എന്നിങ്ങനെ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചാണ് റീസർവേ ജോലികൾ നടത്തുന്നത്. ജില്ലയിൽ മൂന്നാറിലും പാമ്പാടുംപാറയിലുമാണ് കോർ സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' ലക്ഷ്യം കൈവരിക്കാൻ നാല് വർഷംകൊണ്ട് ഏറ്റവും ശാസ്ത്രീയമായി സർവേ ചെയ്ത് കൃത്യമായ സർവേ രേഖകൾ തയാറാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 1550 വില്ലേജിൽ ആദ്യഘട്ടത്തിൽ സർവേ നടക്കുന്നത് 200 വില്ലേജിലാണ്.



# സദാചാര ഗുണ്ടായിസം; പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ്

**കോഴഞ്ചേരി:** സെൻറ് തോമസ് കോളജിലെ വിദ്യാർഥികൾക്കു നേരെയുണ്ടായ സദാചാര ഗുണ്ടായിസത്തിനെതിരെ പ്രതിഷേധ സദസ്സുമായി യൂത്ത് കോൺഗ്രസ്–കെ.എസ്.യു പ്രവർത്തകർ. വിദ്യാർഥികൾക്കു നേരെ ആക്രമണമുണ്ടായ പമ്പാനദിക്ക് കുറുകെയുള്ള, ചെറുകോൽ പഞ്ചായത്തിലെ വാഴക്കുന്നം പാലത്തിൽ ഇരുന്നായിരുന്നു പ്രവർത്തകർ പ്രതിഷേധിച്ചത്. സദാചാര ഗുണ്ടായിസം നാൾക്കുനാൾ വർധിച്ചു വരുകയാണെന്നും ഇത്തരം പ്രവൃത്തി സാക്ഷര കേരളത്തിന് അപമാനമാണെന്നും സമരത്തിന് നേതൃത്വം നൽകിയ യൂത്ത് കോൺഗ്രസ് സംസ്ഥാന നിർവാഹകസമിതി അംഗം നഹാസ് പത്തനംതിട്ട പറഞ്ഞു. യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ഷിനി തങ്കപ്പൻ, ജില്ല ഭാരവാഹികളായ എം.ജെ. രഞ്ചു, ഷിജു തോട്ടപ്പുഴശ്ശേരി, ലക്ഷ്മി അശോക്, അരവിന്ദ് അട്ടത്തോട്, ആര്യ മുടവനാൽ, ആൽവിൻ വർഗീസ്, ഫിനോ ഡിജോ എബ്രഹാം, ജസ്റ്റിൻ എബ്രഹാം, ജെബിൻ കഴിക്കാല, ഷിലിൻ മറിയം ജോസഫ്, ഷിതിൻ ഷിബു, സെൻറ് തോമസ് കോളജ് കെ.എസ്.യു യൂനിറ്റ് പ്രസിഡൻറ് അമിത് ജേക്കബ് സുനിൽ എന്നിവർ സംസാരിച്ചു.





# പട്ടയ അപേക്ഷ സ്വീകരിക്കുന്നത് നിർത്തി; കർഷകർക്ക് തിരിച്ചടി

**ചെറുതോണി:** 1993ലെ കേരള ഭൂപതിവ് ചട്ടപ്രകാരം പുതിയ പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ജില്ലയിൽ നിർത്തി. ഇടുക്കി, ദേവികുളം, പീരുമേട്, ഉടുമ്പൻചോല താലൂക്ക് ഓഫിസുകളിലാണ് അപേക്ഷ സ്വീകരിച്ചുകൊണ്ടിരുന്നത്. എന്നാൽ, 1964ലെ ഭൂപതിവ് ചട്ടപ്രകാരമുള്ള പട്ടയ അപേക്ഷകൾ മാത്രം സ്വീകരിച്ചാൽ മതി എന്നാണ് പുതിയ തീരുമാനം.1977ന് മുമ്പുള്ള കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്നതിൻറെ ഭാഗമായാണ് 1993ൽ പുതിയ ഭൂപതിവ് ചട്ടം കൊണ്ടുവന്നത്.വനഭൂമിയിൽ കുടിയേറിയ കർഷകരായിരുന്നു ഇത്തരം പട്ടയ അപേക്ഷകരിൽ കൂടുതലും. അടുത്ത മാർച്ച് 31ന് മുമ്പ് ജില്ലയിലെ അഞ്ച് ഭൂപതിവ് ഓഫിസുകൾ നിർത്തലാക്കാൻ തീരുമാനിച്ചതിന് പിന്നാലെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിയത്. ഇതോടെ, മലയോര കർഷകർക്ക് കനത്ത പ്രഹരമാണ് ഏറ്റിരിക്കുന്നത്.ഇതിനകം സ്വീകരിച്ച ആയിരക്കണക്കിന് അപേക്ഷകൾ പരിശോധനക്ക് എടുക്കാതെ വിവിധ പട്ടയ ഓഫിസുകളിൽ കെട്ടിക്കിടക്കുകയാണ്. 1964ലെ ചട്ടമനുസരിച്ചുള്ള അപേക്ഷകൾ സ്വീകരിക്കുന്നുണ്ടെങ്കിലും ഇത്തരം പട്ടയം ലഭിക്കുന്ന ഭൂമിയിൽ കൃഷിക്കും വീടുവെക്കാനും മാത്രമാണ് അനുമതി. എന്നാൽ, 1993ലെ പ്രത്യേക ഭൂപതിവ് ചട്ടപ്രകാരം കടമുറികളും നിർമിക്കാം.



# കുറയാതെ പനി; ഈ മാസം ചികിത്സ തേടിയത് 5493 പേർ

**തൊടുപുഴ:** ജില്ലയിൽ പനി ബാധിതരുടെ എണ്ണത്തിൽ കുറവില്ല. ഈ മാസം ഇതുവരെ 5493 പേർ പനി ബാധിച്ച് ചികിത്സ തേടി. സെപ്റ്റംബർ 9043 പേർക്കാണ് പനി ബാധിച്ചത്. ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ മാത്രം കണക്കാണിത്. ഹോമിയോ, ആയുർവേദം, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സ തേടിയവരുടെ എണ്ണം കൂടി കണക്കിലെടുത്താൽ പനിബാധിതരുടെ എണ്ണം ഇരട്ടിയാകും. ഇതിനൊപ്പം കോവിഡ് കേസുകളും ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ദിവസം 20 കോവിഡ് കേസുകൾ വരെ ഒരു മാസം റിപ്പോർട്ട് ചെയ്യുന്നതായാണ് ആരോഗ്യവകുപ്പിൻറെ കണക്കുകൾ. ഈ മാസം മാത്രം നാലു പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ 22 പേർ ചികിത്സ തേടി. കാലാവസ്ഥയിലെ മാറ്റമാണ് വൈറൽ പനി ബാധിതരുടെ എണ്ണം കൂടാൻ കാരണമെന്നാണ് ആരോഗ്യ വകുപ്പ് പറയുന്നത്. മാറിമാറി വരുന്ന മഴയും വെയിലും രോഗബാധിതരുടെ എണ്ണം കൂട്ടുന്നു. പനി ബാധിതരിൽ കോവിഡ് ബാധിച്ചവരുടെ എണ്ണവും ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്. ഇപ്പോൾ പരിശോധനകൾ കുറഞ്ഞത് കോവിഡ് ബാധിതരുടെ എണ്ണം കൃത്യമായി കണ്ടെത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. രണ്ടോ മൂന്നോ ദിവസംകൊണ്ട് പനിമാറുന്നതിനാൽ ആരും പരിശോധനക്കും തയാറാകാറില്ല. പനി മാറിയാലും ചുമ, തലവേദന, ശരീര വേദന, തൊണ്ട വേദന മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ ദിവസങ്ങളോളം നീളുകയും ചെയ്യും. പലർക്കും ദിവസങ്ങളുടെ ഇടവേളകളിൽ പനി ആവർത്തിക്കുന്ന സാഹചര്യവുമുണ്ട്. വീട്ടിൽ ഒരാൾക്ക് പനി പിടിപെട്ടാൽ തൊട്ടുപിന്നാലെ മറ്റുള്ളവരും രോഗബാധിതരാകുന്നതാണ് സാഹചര്യം. സ്കൂൾ കുട്ടികൾക്കിടയിലും പനി വ്യാപകമാണ്.അതേസമയം, പ്രമേഹം, രക്തസമ്മർദം, ഹൃദയസംബന്ധമായ അസുഖം എന്നിവയുള്ളവർ പനിക്ക് സ്വയം ചികിത്സ നടത്താതെ ആശുപത്രിയിലെത്തി ചികിത്സ തേടണമെന്ന് ആരോഗ്യ വകുപ്പ് നിർദേശിക്കുന്നു. ഗർഭിണികളും പനി ബാധിതരായാൽ ആശുപത്രിയെത്തി ചികിത്സ തേടണം. തൊണ്ടവേദനയോടുകൂടി പനി, ശക്തമായ തലവേദന, മൂക്കടപ്പ്, ക്ഷീണം എന്നിവയാണ് വൈറൽ പനിയുടെ ലക്ഷണങ്ങൾ.ഈ ലക്ഷണങ്ങൾ തന്നെയാണ് പലപ്പോഴും മറ്റ് പനികൾക്കും. മാസ്ക് ധരിക്കുന്നതും സമൂഹഅകലം പാലിക്കുന്നതും കോവിഡിൽ നിന്ന് മാത്രമല്ല വൈറൽ പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികളിൽനിന്ന് രക്ഷ നേടാൻ ഉപകരിക്കും. ഇതുകൂടാതെ മഴ മൂലം പലയിടത്തായി കെട്ടിക്കിടക്കുന്ന വെള്ളം മൂലം ഡെങ്കിപ്പനി, എലിപ്പനി സാധ്യതയും നിലനിൽക്കുന്നുണ്ട്. ജില്ലയിൽ പനിബാധിതരുടെ എണ്ണം കൂടുമ്പോഴും പല സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തത് ഇവയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. മാത്രമല്ല ചില മരുന്നുകൾക്ക് ക്ഷാമവും നേരിടുന്നു. ആൻറിബയോട്ടിക്കുകൾ, കുട്ടികളുടെ ചുമക്കുള്ള മരുന്ന് എന്നിവക്കൊക്കെ സർക്കാർ ആശുപത്രികളിൽ പലയിടത്തും




# ജില്ല ജയിലിൽ ജീവനക്കാർ കുറവ്; പ്രവർത്തനം അവതാളത്തിൽ

**മുട്ടം:** ജീവനക്കാരുടെ കുറവുമൂലം ജില്ല ജയിലിൻറെ പ്രവർത്തനം അവതാളത്തിൽ. ആവശ്യമുള്ളതിൻറെ പകുതി ജീവനക്കാർ മാത്രമാണ് നിലവിലുള്ളത്. 40ലധികം ജീവനക്കാർ വേണ്ടിടത്ത് ഉള്ളത് 23 പേർ മാത്രം. 2018 നവംബറിൽ 80 തടവുപുള്ളികളുമായി ജില്ല ജയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഉള്ള അതേ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും.സ്റ്റാഫ് പാറ്റേൺ വർധിപ്പിക്കാത്തതിനാൽ താൽക്കാലിക സ്റ്റാഫിനെപ്പോലും നിയമിക്കാൻ കഴിയുന്നില്ല. നിലവിൽ ശരാശരി 180ഓളം തടവുപുള്ളികൾ ജയിലിലുണ്ട്. ഇത് പലപ്പോഴും 250 വരെ ആകാറുണ്ട്. മറ്റ് ജില്ല ജയിലുകളെ അപേക്ഷിച്ച് മുട്ടം ജയിലിന് വലുപ്പക്കൂടുതൽ ഉള്ളതിനാൽ കോട്ടയം, എറണാകുളം ജില്ലകളിൽനിന്ന് തടവുപുള്ളികളെ മുട്ടം ജില്ല ജയിലിൽ എത്തിക്കുന്നുണ്ട്. തടവുപുള്ളികളുടെ എണ്ണം കൂടുമ്പോൾ ഒരു സെല്ലിൽ 40 പേരെ വരെ പാർപ്പിക്കേണ്ടതായി വരാറുണ്ട്. ഇത്രയും പേരെ ഒറ്റ സെല്ലിൽ പാർപ്പിക്കുന്നത് വലിയ ക്രമസമാധാന പ്രശ്നങ്ങൾക്കും കാരണമായേക്കാം.നിർമാണം പൂർത്തീകരിച്ച് നാലുവർഷം കഴിഞ്ഞിട്ടും കാൻറീൻ അടഞ്ഞുകിടക്കുകയാണ്. ഇവിടേക്ക് ആവശ്യമായ ഫർണിച്ചർ ഇനിയും എത്തിയിട്ടില്ല. ഇതിനായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കത്ത് നൽകി കാത്തിരിക്കുകയാണ്. കാൻറീൻ പ്രവർത്തനം ആരംഭിച്ചാൽ ജയിലേക്ക് പുറമേനിന്ന് എത്തുന്നവർക്കും ജയിലിന് സമീപത്തായി പ്രവർത്തിക്കുന്ന വിവിധ സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിലെയും ആളുകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യാൻ സാധിക്കും..



# കൊച്ചിയുടെ ഗതാഗതം മെനയാക്കാൻ യൂറോപ് സഹായിക്കും

**കൊച്ചി:** ഇന്ത്യ- യൂറോപ്യൻ യൂനിയൻ നഗര പങ്കാളിത്ത പരിപാടിയുടെ ഭാഗമായി യൂറോപ്യൻ യൂനിയൻറെ നേതൃത്വത്തിൽ കൊച്ചി കോർപറേഷൻറെ സഹകരണത്തോടെ 'നഗര സുസ്ഥിരതയും സ്മാർട്ട്സിറ്റികളും' വിഷയത്തിൽ കൊച്ചിയിൽ നടന്ന ദ്വിദിന ശിൽപശാല സമാപിച്ചു. കൊച്ചിയുടെ ഗതാഗത നവീകരണത്തിനായി യൂറോപ്യൻ യൂനിയൻറെ സഹകരണത്തോടെ സാമ്പത്തിക - സാങ്കേതിക ക്ലസ്റ്റർ രൂപവത്കരിക്കാൻ തീരുമാനമായി.യൂറോപ്യൻ നഗരങ്ങളും കൊച്ചിയും തമ്മിൽ ഗതാഗത മേഖലയിലെ നൂതന സാങ്കേതികത കൈമാറ്റമടക്കമുള്ള കാര്യങ്ങൾ ഈ ക്ലസ്റ്ററിൻറെ ഭാഗമാകും. ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട നാല് നഗരങ്ങളിൽ നടത്തപ്പെടുന്ന ഇന്തോ- യൂറോ നഗര സുസ്ഥിര ശിൽപശാലകളിലെ ആദ്യത്തേതായിരുന്നു കൊച്ചിയിലേത്. പൊതുഗതാഗതം പൂർണമായി സൗജന്യമാക്കണം എന്ന നിർദേശമാണ് ശിൽപശാലയുടെ ഭാഗമായി ഉയർന്നത്.ആധുനിക ഗതാഗതരംഗത്തെ കുറിച്ചുള്ള സെമിനാറുകളാണ് ശിൽപശാലയുടെ രണ്ടാം ദിവസമായ വ്യാഴാഴ്ച നടന്നത്.ആഗോളാടിസ്ഥാനത്തിൽ സ്വകാര്യ-പൊതു ഗതാഗതത്തിൽ വന്നുകൊണ്ടിരിക്കുന്ന സാങ്കേതിക മാറ്റങ്ങളും ഗതാഗത അടിസ്ഥാന സൗകര്യ വികസനത്തിലും ഗതാഗത മാനേജ്മെൻറിലും സംഭവിക്കുന്ന മാറ്റങ്ങളും നൂതനരീതികളും ചർച്ചയായി.ഫ്രാൻസിലെ ഗതാഗത സാമ്പത്തിക വശങ്ങൾ ഒലിവർ കൂസിയർ, ഇറ്റലിയിലെ നൂതന പൊതുഗതാഗത സംരംഭങ്ങളെക്കുറിച്ച് പൗലോ ഗാൻഡോൾഫി, ഫിൻലൻഡിലെ ഗതാഗത സാങ്കേതികതയെക്കുറിച്ച് ജയിംസ് ന്ജൂയൻ എന്നിവർ സെമിനാറിൽ അവതരണം നടത്തി. ഇന്ത്യൻ നഗരങ്ങളിലെ ഗതാഗത സംരംഭങ്ങളെക്കുറിച്ച് അനുഷ് മൽഹോത്ര, ക്രിസ്റ്റി ആൻ ചെറിയാൻ എന്നിവരുടെ അവതരണവുമുണ്ടായി. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും കെ.എം.ടി.എ, എക്സിക്യൂട്ടിവ് ഓഫിസർ ഹരി പ്രഭാഷണം നടത്തി.കെ.എം.ടി.എ പ്രവർത്തനങ്ങൾക്ക് യൂറോപ്യൻ യൂനിയൻ സഹകരണം വാഗ്ദാനം ചെയ്തു. സമാപന സമ്മേളനത്തിൽ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഇന്തോ - യൂറോപ്യൻ യൂനിയൻ നഗര പങ്കാളിത്ത വികസന പദ്ധതി ടീം ലീഡർ നീലഭ് സിങ്, നഗര പങ്കാളിത്ത വികസന പദ്ധതി പ്രധാന വിദഗ്ധ നിതിക കൃഷ്ണൻ എന്നിവരും സി-ഹെഡ് ഡയറക്ടർ ഡോ. രാജനും പങ്കെടുത്തു.ശിൽപശാലയിലെ നിർദേശങ്ങൾ നടപ്പാക്കാൻ ശ്രമിക്കുമെന്നും കൂടുതൽ മേഖലകളിൽ യൂറോപ്യൻ യൂനിയൻ സഹകരണം നേടാൻ ശ്രമിക്കുമെന്നും മേയർ പറഞ്ഞു.



# പകർച്ചവ്യാധി ഭീതി:മാലിന്യക്കൂടാരമായി ആലുവ മാർക്കറ്റ്

**ആലുവ:** മാർക്കറ്റിൽ മലിനജലവും മാലിന്യവും കെട്ടിക്കിടക്കുന്നു. മഴവെള്ളം കൂടിയായതോടെ വലിയ മാലിന്യക്കുളം രൂപപ്പെട്ട അവസ്ഥയാണ്. ചീഞ്ഞ പച്ചക്കറി അടക്കം ആധുനിക മാർക്കറ്റ് പദ്ധതി പ്രദേശത്ത് കുന്നുകൂടി കിടക്കുകയാണ്. ഇതിനിടെ മാർക്കറ്റിലെ ഒരു അന്തർ സംസ്ഥാന തൊഴിലാളിക്ക് കഴിഞ്ഞ ദിവസം ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാർക്കറ്റിലെ കായക്കച്ചവട സ്ഥാപനത്തിലെ തൊഴിലാളിയാണിയാൾ.മാർക്കറ്റിനോട് ചേർന്ന ഇലഞ്ഞിക്കായി റോഡിലാണ് ഇയാൾ താമസിക്കുന്നത്.ആധുനിക മാർക്കറ്റ് നിർമാണ പദ്ധതി പ്രദേശത്താണ് മാലിന്യം നിറഞ്ഞിരിക്കുന്നത്. മാർക്കറ്റിലെ മാലിന്യങ്ങൾക്ക് പുറമെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവരെ മാലിന്യം കൊണ്ടിടുന്നുണ്ട്. മാർക്കറ്റിൽനിന്നുള്ള മാലിന്യ നീക്കം നാളുകളായി നിലച്ച മട്ടാണ്. മാലിന്യം നിറഞ്ഞ പ്രദേശത്തോട് ചേർന്നാണ് മത്സ്യ മൊത്തക്കച്ചവടം. മീൻ വാങ്ങാനെത്തുന്ന ചെറുകിട വ്യാപാരികൾക്കും മൊത്തക്കച്ചവടക്കാർക്കും മാലിന്യപ്രശ്നം ദുരിതമായിട്ടുണ്ട്. തൊട്ടടുത്ത മാർക്കറ്റ് മസ്ജിദിൽ പ്രാർഥനക്കെത്തുന്നവർക്കും ദുർഗന്ധവും കൊതുകുശല്യവും ബുദ്ധിമുട്ടാണ്.വർഷങ്ങൾക്ക് മുമ്പ് ആധുനിക മാർക്കറ്റ് കെട്ടിടം നിർമിക്കുന്നതിനായി ഇവിടെയുണ്ടായിരുന്ന പഴയ പ്രധാന കെട്ടിടം പൊളിച്ച് നീക്കിയിരുന്നു. എന്നാൽ, പുതിയ കെട്ടിടം നിർമാണം ആരംഭിക്കാനായില്ല. ഇതോടെ ഈ ഭാഗം മാർക്കറ്റിലെയും മറ്റും മാലിന്യം തള്ളാനുള്ള സ്ഥലമായി മാറി. മാർക്കറ്റിൽ മാലിന്യം കെട്ടിക്കിടക്കുന്നത് വ്യാപാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് വ്യാപാരികൾ ആരോപിക്കുന്നു.




# തീരദേശ ഹൈവേ; ചെല്ലാനം സൗത്ത് - ഫോർട്ട്കൊച്ചി റോഡിന് 184.6 കോടി

**മട്ടാഞ്ചേരി:** തീരദേശ ഹൈവേ റീച്ച് ഒന്നിൽ ഉൾപ്പെട്ട ചെല്ലാനം സൗത്ത് - ഫോർട്ട്കൊച്ചി റോഡ് നിർമാണത്തിന് 184.6 കോടി രൂപ അനുവദിച്ചു.റോഡ് നിർമാണ ഭാഗമായി സ്ഥലം ഏറ്റെടുക്കാനും നഷ്ടപരിഹാര വിതരണത്തിനുമാണ് നിലവിൽ തുക അനുവദിച്ചത്.ദേശീയപാത നിബന്ധനകൾക്കനുസരിച്ച് 14 മീറ്റർ വീതിയിലാണ് തീരദേശ ഹൈവേ നിർമിക്കുന്നത്. പാതയുടെ ആദ്യ സ്ട്രെച്ച് എന്ന നിലയിലാണ് ചെല്ലാനം സൗത്ത് -ഫോർട്ട്കൊച്ചി റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കാൻ തുക അനുവദിച്ചത്.കിഫ്ബിയുടെ സാമ്പത്തിക സഹായത്തിൽ കേരള റോഡ് ഫണ്ട് ബോർഡിനാണ് റോഡിൻറെ നിർമാണം. ജില്ലയിൽ ചെല്ലാനം സൗത്ത് മുതൽ ഫോർട്ട്കൊച്ചി വരെ സ്ട്രെച്ചും വൈപ്പിൻ കാളമുക്ക് മുതൽ മുനമ്പം വരെ സ്ട്രെച്ചിൻറെയും പ്രാഥമിക രൂപരേഖ തയാറാക്കിയിട്ടുണ്ട്.ഫോർട്ട്കൊച്ചി -വൈപ്പിൻ സ്ട്രെച്ച് അലെയ്ൻമെൻറ് സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണ്.



# സ്കൂളുകളിൽ തൊഴിൽ നൈപുണ്യ പരിശീലനം

**കോഴിക്കോട്:** അറിവും നൈപുണ്യവും എല്ലാവരിലും എത്തിക്കുകയെന്ന ലക്ഷ്യത്തോടെ സമഗ്രശിക്ഷ കേരളം എല്ലാ ബ്ലോക്കുകളിലും ഉന്നതനിലവാരമുള്ള തൊഴിൽ നൈപുണി കേന്ദ്രങ്ങൾ ആരംഭിക്കും. ജില്ല പഞ്ചായത്തിന്റെയും ജില്ല ഭരണകൂടത്തിന്റെയും സഹായത്തോടെ ജില്ലയിലെ ഓരോ ബ്ലോക്കിലും ഒരു വിദ്യാലയം സ്കിൽ ഡെവലപ്മെന്റ് സെന്ററായി വികസിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.ഗുണമേന്മയുള്ള നൈപുണി വിദ്യാഭ്യാസം കുട്ടികൾക്ക് നൽകി തൊഴിൽ വൈദഗ്ധ്യമുള്ള തലമുറയെ സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും തൊഴിൽസാധ്യതകൾക്കനുസരിച്ച രണ്ടു കോഴ്സുകളാണ് ഓരോ സ്കിൽ ഡെവലപ്മെന്റ് സെന്ററിലും നടപ്പാക്കുക.തിരഞ്ഞെടുക്കപ്പെടുന്ന കോഴ്സുകൾക്കാവശ്യമായ ലാബുകളൊരുക്കാനും മറ്റു ചെലവുകൾക്കുമായി ഒരു സ്കൂളിന് 21.5 ലക്ഷം രൂപ വീതം 16 സെന്ററുകൾക്കായി 3.44 കോടി രൂപ അനുവദിച്ചു. നാഷനൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ നിഷ്കർഷിച്ച എൻ.എസ്.ക്യു.എഫ് ജോബ് റോളുകളാണ് ഓരോ നൈപുണി വികസന കേന്ദ്രത്തിലും ആരംഭിക്കുക. അവധിദിവസങ്ങൾ ഉപയോഗിച്ചാണ് 300 മുതൽ 400 വരെ മണിക്കൂറുകൾ ദൈർഘ്യമുള്ള കോഴ്സുകൾ നടത്തുക.സ്കൂൾ പഠനകാലത്തിനുശേഷവും 21 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റും പ്ലേസ്മെന്റും നൽകുംവിധമാണ് പദ്ധതി.



# പ്ലാസ്മോണിക് ഗവേഷണത്തിന് നവീന ഉപകരണം; ചരിത്രമെഴുതി വിദ്യാർഥികൾ


**തൃശൂർ:** പ്ലാസ്മോണിക് ഗവേഷണത്തിന് നവീന ഉപകരണം നിർമിച്ച് ചരിത്രമെഴുതി തൃശൂർ ഗവ. എൻജിനീയറിങ് കോളജിലെ ഇലക്ട്രോണിക്സ് വിഭാഗം വിദ്യാർഥികൾ. ലോഹങ്ങളിലെയും നാനോ കണങ്ങളിലെയും സ്വതന്ത്ര ഇലക്ട്രോണുകളുടെ ദോലനത്തെ (ഓസിലേഷൻ) കുറിച്ചുള്ള അന്വേഷണമാണ് പ്ലാസ്മോണുകളുടെ സ്വഭാവ പഠനമായ പ്ലാസ്മോണിക്സ്.ഇലക്ട്രോണിക്സ് പോലെത്തന്നെ വികസിച്ചുവരുന്ന നാനോ ഫോട്ടോണിക്സിന്റെ ഭാഗമാണിത്. ബയോസെൻസറുകൾ, ഗ്യാസ് സെൻസറുകൾ, സോളാർ പാനലുകൾ, ഹൈസ്പീഡ് ഡാറ്റ ട്രാൻസ്മിഷൻ എന്നിവക്കായി പ്ലാസ്മോൺ അധിഷ്ഠിത ഉപകരണങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്.ഇത്തരം സെൻസറുകളിൽ ഉപയോഗിക്കാവുന്ന പദാർഥങ്ങളുടെ സ്വഭാവത്തെപ്പറ്റി പഠിക്കാനുള്ള സ്വയം പ്രവർത്തിക്കുന്ന ഉപകരണമാണ് തൃശൂർ ഗവ. എൻജിനീയറിങ് കോളജിലെ ഇലക്ട്രോണിക്സ് ട്രേഡ് ഇൻസ്ട്രക്ടർ എം. സജിത്ത്കുമാർ, ഇലക്ട്രോണിക്സ് ബി.ടെക് പൂർത്തിയാക്കിയ വിദ്യാർഥികളായ അക്ഷര സൂസൻ ഷാജു, പി.എം. ഉദ്ദവ്, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന ആർ. ഇന്ദ്രജിത് എന്നിവർ ചേർന്ന് യാഥാർഥ്യമാക്കിയത്. കേന്ദ്രസർക്കാറിന് കീഴിൽ തൃശൂർ അത്താണിയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (സീ-മെറ്റ്) എന്ന സ്ഥാപനത്തിനായാണ് ഒരു വർഷത്തെ അശ്രാന്ത പരിശ്രമ ഫലമായി ഉപകരണം നിർമിച്ചത്. സീ മെറ്റിന്റെ ഗവേഷണ ആവശ്യം മനസ്സിലാക്കി പ്ലാസ്മോണിക് വിഭാഗം മേധാവി ഡോ. എസ്.എൻ. പോറ്റിയുടെ നിർദേശമനുസരിച്ചാണ് ഇത് നിർമിച്ചതെന്ന് എം. സജിത്ത്കുമാർ 'മാധ്യമ'ത്തോട് പറഞ്ഞു.ഗവേഷണത്തിലൂടെ വികസിപ്പിക്കുന്ന പദാർഥങ്ങൾ യഥാർഥ പ്ലാസ്മോണിക് ഗുണങ്ങൾ ഉള്ളതാണോ എന്ന് മനസ്സിലാക്കുകയാണ് ഉപകരണത്തിന്റെ ലക്ഷ്യം. അത് കണ്ടെത്തിയാൽ മറ്റ് സാങ്കേതിക വിദ്യകൾ കൂടി ചേർത്ത് സെൻസറുകൾ ഉണ്ടാക്കാനാകം.നിശ്ചിത തരംഗ ദൈർഘ്യത്തിലുള്ള പ്രകാശം പ്രത്യേക കോണിൽ പ്ലാസ്മോണിക് പദാർഥം പൂശിയ പ്രിസത്തിൽ പതിക്കുമ്പോഴാണ് പ്ലാസ്മോണിക് റസണൻസ് എന്ന പ്രതിഭാസം പ്രതലത്തിൽ ഉണ്ടാകുന്നത്. അപ്പോൾ പ്രതിഫലിക്കുന്ന പ്രകാശത്തിന്റെ തീവ്രതയിൽ കുറവ് പ്രകടമാകും.ഇത് ഗ്രാഫിൽ അടയാളപ്പെടുത്തുന്നു. ഉപകരണത്തിൽ സാമ്പിൾ വെച്ച് സ്റ്റാർട്ട് ബട്ടൺ അമർത്തിയാൽ ഫലം ഗ്രാഫിൽ തെളിയും. നേരത്തെ മനുഷ്യാധ്വാനം ആവശ്യമുള്ള പ്രക്രിയയിൽ ഇപ്പോൾ ഈ പ്രവർത്തനമേ ആവശ്യമുള്ളൂവെന്നതാണ് ഉപകരണത്തിന്റെ സാധ്യത.

# ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ മുരിയാട് പഞ്ചായത്തിൽ 'ജീവധാര'



**ഇരിങ്ങാലക്കുട:** ആരോഗ്യമേഖലയിലെ സമഗ്രവും സുസ്ഥിരവുമായ വളർച്ച ഉറപ്പാക്കാൻ 'ജീവധാര' പദ്ധതിയുമായി മുരിയാട് പഞ്ചായത്ത്. ആരോഗ്യരംഗത്തെ അടിസ്ഥാന വികസനം, രോഗപ്രതിരോധം,മാതൃ-ശിശു-വയോജന സംരക്ഷണം തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ 12 ഇന കർമ പദ്ധതിക്കാണ് പഞ്ചായത്ത് രൂപം നൽകിയിരിക്കുന്നത്.ജീവധാരയുടെ വിജയത്തിന് പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാർ, ആസൂത്രണ സമിതി അംഗങ്ങൾ, സി.ഡി.എസ് ചെയർപേഴ്സൻ, കുടുംബശ്രീ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിങ് സമിതി രൂപവത്കരിച്ചു.ആശാവർക്കർമാർ, അംഗൻവാടി ടീച്ചർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യദായക സന്നദ്ധപ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന നൂറുപേരടങ്ങുന്ന ആക്ഷൻ ടീമിന് രൂപം നൽകുകയും ചെയ്തു.ആക്ഷൻ ടീമിന്റെ പ്രഥമ യോഗം പഞ്ചായത്ത് പ്രസിഡൻറ് ജോസ് ജെ. ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് സരിത സുരേഷ് അധ്യക്ഷത വഹിച്ചു.ഡോ. ഷീജ, ഡോ. ദീപ, പ്രഫ. ബാലചന്ദ്രൻ, ഹെൽത്ത് ഇൻസ്പെക്ടർ സാജു, സെക്രട്ടറി റെജി പോൾ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.യു. വിജയൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ രതി ഗോപി, പഞ്ചായത്ത് അംഗം തോമസ് തൊകലത്ത്, സി.ഡി.എസ് ചെയർപേഴ്സൻ സുനിത രവി, ഐ.സി.ഡി.എസ് പ്രതിനിധി അൻസാർ എബ്രഹാം എന്നിവർ സംസാരിച്ചു.

# ഛർദിക്കുന്നതിനിടെ തൊണ്ടയിൽ കുടുങ്ങി അഞ്ച് വയസുകാരൻ മരിച്ചു



**അന്തിക്കാട് (തൃശൂർ):** ഛർദിക്കുന്നതിനിടെ തൊണ്ടയിൽ കുടുങ്ങി അഞ്ച് വയസുകാരൻ മരിച്ചു. കിഴുപ്പിള്ളിക്കര സെന്റർ കിണറിനു തെക്ക് താമസിക്കുന്ന ചിറപ്പറമ്പിൽ ഷാനവാസ് - നസീബ ദമ്പതികളുടെ മകൻ ഷദീദ് ആണ് മരിച്ചത്. പഴുവിൽ സെൻറ് ആൻറണീസ് സ്കൂളിലെ എൽ.കെ.ജി വിദ്യാർഥിയാണ്. പനി ബാധിച്ചിരുന്നു. ഇതിനിടെ ഛർദി അനുഭവപ്പെടുകയും തൊണ്ടയിൽ കുടുങ്ങുകയുമായിരുന്നു. വ്യാഴാഴ്ച രാത്രി വൈകിയാണ് സംഭവം. ഉടൻ പഴുവിലെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും രക്ഷിക്കാനായില്ല.



FILM WORLD




# അനന്തഭദ്രത്തിന് ശേഷം മലയാളത്തിൽ ഒരു ഫാന്റസി ഹൊറർ മൂവി

ഐശ്വര്യ ലക്ഷ്മി കേന്ദ്രകഥാപാത്രമായി എത്തിയ കുമാരിക്ക് മികച്ച പ്രതികരണം. അനന്തഭദ്രത്തിന് ശേഷം എത്തിയ ഫാന്റസി ഹൊറർ മൂവിയെന്നാണ് പ്രേക്ഷകരിൽ ചിലർ ചിത്രത്തെ വിശേഷിപ്പിച്ചത്. തീർച്ചയായും തീയറ്ററിൽ എക്സ്പീരിയൻസ് ചെയ്യേണ്ട ചിത്രമാണിത്. ഐശ്വര്യ ലക്ഷ്മിയും ഷൈൻ ടോം ചാക്കോയും മികച്ചു നിന്നുവെന്നും പ്രേക്ഷകർ അഭിപ്രായപ്പെട്ടു.രണം എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ നിർമ്മൽ സഹദേവ് തിരക്കഥയെഴുതി സംവിധാനം ചെയ്ത ചിത്രമാണ് കുമാരി. ഫ്രെഷ് ലൈം സോഡാസ്, ബിഗ് ജെ എന്റർടെയ്ൻമെന്റ് എന്നിവയുടെ ബാനറിൽ നിർമിച്ച ചിത്രം പൃഥ്വിരാജ് പ്രൊഡക്ഷൻസ് ആണ് അവതരിപ്പിക്കുന്നത്. രാഹുൽ മാധവ്, സ്ഫടികം ജോർജ്, ജിജു ജോൺ, ശിവജിത്ത് നമ്പ്യാർ, പ്രതാപൻ, സുരഭി ലക്ഷ്മി, സ്വാസിക, ശ്രുതി മേനോൻ, തൻവി റാം എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന അഭിനേതാക്കൾ. ജിൻസ് വർഗീസിന്റെതാണ് ബിഗ് ജെ എന്റർടൈൻമെന്റ്സ്. ജേക്സ് ബിജോയ്, ശ്രീജിത്ത് സാരംഗ്, ജിജു ജോൺ എന്നിവരാണ് 'ഫ്രെഷ് ലൈം സോഡാസി'ന്റെ സാരഥികൾ. ലൈൻ പ്രൊഡ്യൂസർ -ഹാരീസ് ദേശം, സംഗീതം- ജേക്സ് ബിജോയ്, പ്രൊഡക്ഷൻ ഡിസൈൻ- ഗോകുൽ ദാസ്, മേക്കപ്പ്- അമൽ ചന്ദ്രൻ, വസ്ത്രാലങ്കാരം- സ്റ്റെഫി സേവ്യർ, പരസ്യകല- ഓൾഡ് മോങ്ക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്- വിവേക് വിനയരാജ്, പിആർഒ- എസ് ദിനേശ്, മീഡിയ മാർക്കറ്റിംഗ്-ശബരി എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.




# സിനിമയിലെ വനിതാ സംഘടനയായ ഡബ്ല്യുസിസി അധികാരം ദുരുപയോഗം ചെയ്യുന്നു;ലിജു കൃഷ്ണ

മലയാള സിനിമാരംഗത്തെ വനിതാ താരങ്ങളുടെ സംഘടനയായ ഡബ്യു സി സിക്ക് എതിരെ പടവെട്ട് സംവിധായകൻ ലിജു കൃഷ്ണ. ഡബ്ല്യു സി സി രൂപം കൊണ്ട സമയത്ത് ആ സംഘടനയും സംഘടനയുടെ ആവശ്യകതയും വളരെ സ്വാഗതാർഹമായി ചിന്തിച്ച യാളാണ് താനെന്ന് ലിജു പറഞ്ഞു. പോപ്പർ സ്റ്റോപ്പ് മലയാളം ചാനലിന് നൽകിയ അഭിമുഖത്തിലാണ് ലിജു ഇങ്ങനെ പറഞ്ഞത്. ഏതൊരു മേഖലയിലും അത്തരത്തിലുള്ള സംഘടനകളും അവരുടെ പ്രവർത്തനങ്ങളും ആവശ്യമാണെന്നും അതിനെ ഒന്നിനും എതിർക്കുന്ന ആളല്ല താനെന്നും ലിജു വ്യക്തമാക്കി.പക്ഷേ, വ്യക്തികൾ സംഘടനയേക്കാൾ വളർന്ന് കഴിയുമ്പോൾ അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടി സംഘടനയെ വശത്താക്കി കൊണ്ട് അതിനെ ഒരു ടൂൾ ആയി ഉപയോഗിക്കാൻ പറ്റുമയായിരിക്കാം. ഈ അടുത്ത കാലത്ത് താൻ തുറന്നു പറഞ്ഞുവെന്ന കാര്യങ്ങളിലൊന്നും സംഘടനയോട് എതിർപ്പില്ല. തനിക്കെതിരെ ഒരു പ്രശ്നം വന്നപ്പോൾ തന്നോട് ഡബ്ല്യു സി സി അതിനെക്കുറിച്ച് ചോദിച്ചിട്ടില്ലെന്നും അതിൽ തനിക്ക് പരാതിയില്ലെന്നും ലിജു പറഞ്ഞു. നിയമപരമായ വഴിയിലേക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ അതിനോട് പരിപൂർണമായി നീതി പുലർത്തി അച്ചടക്കത്തോടെ മുന്നോട്ട് പോകാനാണ് താൻ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.നിയമപരമായ ഘട്ടത്തിലേക്ക് കടന്നു കഴിഞ്ഞ ഒരു കാര്യം അവരെ ബോധ്യപ്പെടുത്തേണ്ട ബാധ്യത തനിക്കില്ലെന്നും താനിനി കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടത് മറ്റൊരു സ്പേസിലാണെന്നും ലിജു പറഞ്ഞു. അതിനെ ആ മര്യാദയോടെയാണ് താൻ സമീപിച്ചതെന്നും അത് അവർ മനസിലാക്കണമെന്നും ഇവിടെ കാര്യങ്ങളെ ഇഴകീറി പരിശോധിക്കുന്ന ഒരു കോടതി സിസ്റ്റം ഉണ്ടെന്നും ലിജു പറഞ്ഞു. ആ ഒരു തലത്തിലേക്ക് കാര്യങ്ങൾ എത്തിക്കഴിയുമ്പോൾ പാരലൽ കോടതിയുടെ ആവശ്യം ഇല്ലെന്നും ലിജു പറഞ്ഞു. തന്നോട് പല രീതിയിൽ ഒളിഞ്ഞും തെളിഞ്ഞും ഗീതു മോഹൻദാസ് യുദ്ധം ചെയ്തിട്ടുണ്ടെന്നും താൻ പറയുന്നതു പോലെ തിരക്കഥയിൽ മാറ്റം വരുത്തിയില്ലെങ്കിൽ നിവിൻ പോളി സിനിമ ചെയ്യില്ലെന്ന് വരെ തന്നോട് ഗീതു മോഹൻദാസ് പറഞ്ഞിട്ടുണ്ടെന്നും ലിജു നേരത്തെ ചില മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു.




# 'തൈക്കുടത്തിന്റെ പാട്ട് കോപ്പിയടിച്ചിട്ടില്ല'; ആരോപണം തള്ളി കാന്താര സംവിധായകൻ ഋഷഭ് ഷെട്ടി

തൈക്കുടം ബാൻഡിന്റെ പാട്ട് കോപ്പിയടിച്ചെന്ന ആരോപണം തള്ളി കന്നഡ സിനിമയായ കാന്താരയുടെ സംവിധായകൻ ഋഷഭ് ഷെട്ടി.കോപ്പിയടിച്ചിട്ടില്ലെന്നും തൈക്കൂടത്തിന്റെ പരാതിയിൽ മറുപടി നൽകിയെന്നും സംവിധായകനും നായകനുമായ ഋഷഭ് ഷെട്ടി കൊച്ചിയിൽ പറഞ്ഞു. കാന്താരയിലെ വരാഹ രൂപം എന്ന പാട്ട് പുറത്തുവന്നതോടെയാണ് തൈക്കൂടത്തിന്റെ നവരസം പാട്ടിന്റെ കോപ്പിയാണെന്ന് ആരോപണം ഉയർന്നത്. ആരോപണം നിലനിൽക്കെ സിനിമ പ്രൊമോഷന്റെ ഭാഗമായി സംവിധായകനും നായകനുമായ ഋഷഭ് ഷെട്ടി നടത്തിയ വാർത്താ സമ്മേളനത്തിലാണ് കോപ്പിയടിയല്ലെന്ന് വിശദീകരണം നൽകിയത്.വാർത്താ സമ്മേളനത്തിൽ വിവാദത്തെ കുറിച്ച് കൂടുതൽ പ്രതികരിക്കാൻ ഋഷഭ് ഷെട്ടി തയ്യാറായില്ല. ഈ വിഷയം സംസാരിക്കാനുള്ള വേദിയല്ലെന്നായിരുന്നു ചോദ്യങ്ങൾക്കുള്ള മറുപടി. കേരളത്തിൽ പൃഥ്വിരാജ് പ്രൊഡക്ഷൻസ് റിലീസിനെത്തിച്ച സിനിമ പ്രദർശനം തുടരുന്നതിനിടെയാണ് സംവിധായകന്റെ പ്രതികരണം.തങ്ങളുടെ പാട്ട് കോപ്പിയടിച്ചത് പകർപ്പവകാശ നിയമത്തിന്റെ നഗ്നമായ ലംഘനമാണിതെന്നായിരുന്നു തൈക്കൂടം ബാൻഡിന്റെ ആരോപണം. പണം നൽകി കാന്താരയുടെ അണിയറ പ്രവർത്തകർ ഒത്തുതീർപ്പാക്കാൻ ശ്രമിച്ചതായും തൈക്കൂടം ആരോപിച്ചിരുന്നു. ബിജിപാൽ, ഹരീഷ് ശിവരാമകൃഷ്ണൻ തുടങ്ങി മലയാള സിനിമയിലെ സംഗീതജ്ഞർ ഉൾപ്പെടെ നിരവധി പേർ കോപ്പിയടിക്കെതിരെ രംഗത്തുവന്നതും വിഷയം ശ്രദ്ധിക്കപ്പെടാൻ ഇടയാക്കിയിരുന്നു.







# ഇന്ത്യൻ നിർമ്മിത വിസ്കിയുമായി ബക്കാർഡി

ദില്ലി: 'ലെഗസി' എന്ന പേരിൽ പുതിയ ഇന്ത്യൻ നിർമ്മിത വിസ്കി ബക്കാർഡി ഇന്ന് വിപണിയിൽ അവതരിപ്പിച്ചു.കമ്പനിയുടെ ആദ്യ ഇന്ത്യൻ നിർമ്മിത വിസ്കിയാണിത്. തെലങ്കാന, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ആയിരിക്കും ആദ്യം ലെഗസി ലഭ്യമാകുക. വരും മാസങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലേക്കും എത്തും എന്ന് കമ്ബനി അറിയിച്ചു. ഇന്ത്യൻ ധാന്യങ്ങൾ ഉപയോഗിച്ച് നിർമിക്കുന്ന പ്രീമിയം വിസ്കിയാണ് ഇതെന്ന് കമ്പനി അറിയിച്ചു.ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകാനും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും കമ്ബനി എന്നും ശ്രമിക്കാറുണ്ടെന്നും അതിനായി ഉത്പ്പന്നങ്ങളിൽ നിരവധി നവീകരണങ്ങൾ വരുത്താറുണ്ടെന്നും കമ്ബനിയുടെ ഇന്ത്യയിലെ എംഡി സഞ്ജിത് സിംഗ് രൺധാവ പറഞ്ഞു, ഇന്ത്യൻ നിർമ്മിത വിസ്കി വിഭാഗത്തിൽ ബക്കാർഡിയുടെ ആദ്യ ഉത്പന്നമാണ് ലെഗസി. വാൻ മുന്നേറ്റമാണ് വിപണിയിൽ ഇന്ത്യൻ നിർമ്മിത വിസ്കികൾക്കുള്ളത്. അതിനാൽ ലെഗസിയിലൂടെ വൻ വിജയം നേടാനാകുമെന്ന പ്രതീക്ഷ ഉള്ളതായും അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ വിസ്കിയുടെ ഒന്നാം നമ്ബർ വിപണിയാണ് ഇന്ത്യ. ഞങ്ങളുടെ ആദ്യത്തെ 'മെയ്ഡ്-ഇൻ-ഇന്ത്യ' വിസ്കി വിജയകരമാകുമെന്ന ശുഭ പ്രതീക്ഷ ഉണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യൻ നിർമ്മിത വിസ്കിയുടെ വിപണി അനുസരിച്ച് ദേശീയതലത്തിൽ പുതിയ ഉത്പന്നങ്ങൾ എത്തിക്കാനും സാധിക്കും ഈ വർഷം ആദ്യം 'ഗുഡ് മാൻ' ബ്രാണ്ടിയും ബക്കാർഡി പുറത്തിറക്കിയിരുന്നു. കമ്ബനിയുടെ ഉത്പന്നങ്ങളിൽ വൈവിധ്യം കൊണ്ടുവരാൻ ഈയിടെയായി ബക്കാർഡി ശ്രമിക്കാറുണ്ട് എന്ന് ഇന്ത്യയിലെ ആഭ്യന്തര ബ്രൗൺസ് വിഭാഗം മേധാവി അയേഷ ഗുപ്തു പറഞ്ഞു. രാജ്യത്തെ വിസ്കി പ്രേമികൾക്ക് പുതിയ രുചികൾ എത്തുകയാണ്. ലെഗസി വിസ്കിയിലൂടെ ഇന്ത്യൻ വിപണി പിടിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.






# ഇന്ത്യയിൽ നതിങ് ഇയർ (സ്റ്റിക്ക്) അവതരിപ്പിച്ചു

ഇന്ത്യയിൽ നതിങ് ഇയർ (സ്റ്റിക്ക്) അവതരിപ്പിച്ചു. ഇന്ത്യയിലെ ഇയർബഡ്സ് വിപണിയിൽ മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത ഡിസൈനാണ് ഈ ഇയറിന്റേത്.ഇന്ത്യയിൽ 8,499 രൂപയ്ക്ക് നതിങ് ഇയർ (സ്റ്റിക്ക്) ലഭിക്കും. 29 മണിക്കൂർ വരെ പ്ലേടൈമും മികച്ച ശബ്ദ നിലവാരവും വാഗ്ദാനം ചെയ്യുന്ന വലിയ 12.6 എംഎം ഡ്രൈവറുമാണ് നതിങ് ഇയർ (സ്റ്റിക്ക്)ന്റെ പ്രധാന ഫീച്ചർ.ഓരോ ബഡ്സിന്റെയും ഭാരം 4.4 ഗ്രാം മാത്രമാണ്. നതിങ് എക്സ് ആപ്പുമായി ഒന്നിച്ച് പ്രവർത്തിക്കുന്നതാണ് ഇയർബഡ്സ്. കൂടാതെ ഇയർബഡ്സ് ഫോണുമായി അനായാസമായി ബന്ധിപ്പിക്കാനും സാധിക്കും. ഇയർബഡ്സിന് ആക്റ്റീവ് നോയിസ് ക്യാൻസലേഷൻ ഇല്ലെങ്കിലും ഉപയോക്താവിന്റെ തനതായ ഇയർ കനാലിന്റെ ആകൃതിയും ഇയർബഡുകളുടെ ഫിറ്റും അളക്കുന്ന ബാസ് ലോക്ക് സാങ്കേതികവിദ്യയും ഇതിലുണ്ട്. ഇതുവഴി ധരിക്കുമ്ബോൾ എത്ര ബാസ് നഷ്ടപ്പെടുന്നുണ്ടെന്ന് കണ്ടെത്താം.വ്യക്തമായ കോൾ നിലവാരത്തിനായി ഇയർബഡ്സിൽ മൂന്ന് ഹൈ-ഡെഫനിഷൻ മൈക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ഉച്ചത്തിലുള്ള പശ്ചാത്തല ശബ്ദങ്ങൾ ഫിൽട്ടർ ചെയ്യുകയും എയർ പ്രൂഫ്, ക്രൗഡ് പ്രൂഫ് കോളുകൾക്കായി ശബ്ദം വർധിപ്പിക്കുകയും ചെയ്യുന്നു. ഇയർ സ്റ്റിക്ക് ഇയർബഡ്സ് ഉപയോഗിച്ച് 7 മണിക്കൂർ വരെ കേൾക്കാനുള്ള സമയവും 3 മണിക്കൂർ വരെ സംസാരിക്കാനുള്ള സമയവും ലഭിക്കുന്നു. ഇതു കൂടാതെ ഇയർബഡ്സ് കെയ്സിൽ 22 മണിക്കൂർ പ്രവർത്തിക്കാനുള്ള അധിക ചാർജും ഉണ്ട്. 10 മിനിറ്റ് ചാർജ് ചെയ്താൽ 2 മണിക്കൂർ വരെ ഉപയോഗിക്കാം.നതിങ് ഇയർ (സ്റ്റിക്ക്)ൽ 12.6 എംഎം ഡ്രൈവറുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് മികവാർന്ന ശബ്ദം നൽകുമെന്നാണ് കമ്ബനി അവകാശപ്പെടുന്നത്. ഇയർ (സ്റ്റിക്ക്) ന്റെ വിൽപന നവംബർ 4 ന് ആരംഭിക്കും. യുഎസ്, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിലെ 40തോളം രാജ്യങ്ങളിൽ ഇയർബഡ്സ് വിൽപനയ്ക്കെത്തും. ഇന്ത്യയിൽ ഇയർ (സ്റ്റിക്ക്) നവംബർ 17 മുതൽ ഫ്ലിപ്കാർട്ടിലും മിന്ത്രയിലും ലഭ്യമാകും.





# കാർണെഗി ഇന്ത്യ ഗ്ലോബൽ ടെക്നോളജി സമ്മിറ്റ് നവംബർ 29ന് ആരംഭിക്കും

ആഗോള വിദഗ്ധരുടെ പങ്കാളിത്തത്തോടെ എല്ലാ വർഷവും കാർണെഗി ഇന്ത്യ സംഘടിപ്പിക്കുന്ന ഗ്ലോബൽ ടെക്നോളജി ഉച്ചകോടി (ജിടിഎസ് ഗ്ലോബൽ ടെക്നോളജി സമ്മിറ്റ്) നവംബർ 29 മുതൽ ഡിസംബർ 1 വരെ ന്യൂഡൽഹിയിൽ നടക്കും.ഇന്ത്യയുൾപ്പെടെ ലോകത്തിലെ അഞ്ച് രാജ്യങ്ങളിലെ നഗരങ്ങളിൽ പ്രവർത്തിക്കുന്ന 150 ലധികം വിദഗ്ധർ ഉൾപ്പെടുന്ന ഒരു തിങ്ക്-ടാങ്ക് ആണ് കാർണെഗി എൻഡോവ്മെൻറ് ഫോർ ഇൻറർനാഷണൽ പീസ്.ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിൻറെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഈ പ്രോഗ്രാമിന് കർണാടക സംസ്ഥാന സർക്കാരും ഇന്ത്യയിലെ പ്രമുഖ സാങ്കേതിക കമ്ബനികളും പിന്തുണ നൽകുന്നു'ജിയോപൊളിറ്റിക്സ് ഓഫ് ടെക്നോളജി' എന്നതാണ് ഈ വർഷത്തെ ഉച്ചകോടിയുടെ വിഷയം. സാങ്കേതിക നയം, സൈബർ പ്രതിരോധം, ഡിജിറ്റൽ ആരോഗ്യം, അർദ്ധചാലകങ്ങൾ, ഇന്ത്യയുടെ ജി 20 പ്രസിഡൻറ് പദവി തുടങ്ങിയ വിഷയങ്ങളും ചർച്ചയാകും.

# തോൽവി തുടർക്കഥ; മുംബൈയോടും തോറ്റ് കേരള ബ്ലാസ്റ്റേഴ്സ്




**കൊച്ചി:** ഐഎസ്എല്ലിൽ കേരള ബ്ലാസ്റ്റേഴ്സിന് തുടർച്ചയായ മൂന്നാം തോൽവി. വെള്ളിയാഴ്ച നടന്ന മത്സരത്തിൽ മുംബൈ സിറ്റിയാണ് ബ്ലാസ്റ്റേഴ്സിനെ തകർത്തത്. എതിരില്ലാത്ത രണ്ടു ഗോളുകൾക്കായിരുന്നു മഞ്ഞപ്പടയുടെ തോൽവി. മെഹ്താബ് സിങ്ങും മുൻ ബ്ലാസ്റ്റേഴ്സ് താരം പെരേര ഡിയാസുമാണ് മുംബൈക്കായി സ്കോർ ചെയ്തത്. മെഹ്താബ് സിങ്ങാണ് ഹീറോ ഓഫ് ദ മാച്ച്.

മുൻ മത്സരങ്ങളിലേതുപോലെ ബ്ലാസ്റ്റേഴ്സ് പ്രതിരോധത്തിന്റെ മോശം പ്രകടനമാണ് മുംബൈക്കെതിരെയും ടീമിന് തിരിച്ചടിയായത്. സ്വന്തം മൈതാനത്ത് ഒരു ഗോൾ പോലും ബ്ലാസ്റ്റേഴ്സിന് നേടാനായില്ല.

ജയത്തോടെ നാല് മത്സരങ്ങളിൽ നിന്ന് എട്ട് പോയന്റുമായി മുംബൈ മൂന്നാം സ്ഥാനത്തെത്തി. നാലു കളികളിൽ നിന്ന് മൂന്ന് പോയന്റ് മാത്രമുള്ള ബ്ലാസ്റ്റേഴ്സ് ഒമ്പതാം സ്ഥാനത്താണ്.

കളിയുടെ തുടക്കം മുതൽ തന്നെ മുംബൈ ആണ് പന്ത് കൈവശം വെയ്ക്കുന്നതിൽ മുന്നിൽ നിന്നത്. കളിയുടെ അഞ്ചാം മിനിറ്റിൽ തന്നെ മെഹ്താബിന്റെ ഒരു ലോങ് ബോളിൽ നിന്ന് ബിപിൻ സിങ്ങും അഹമ്മദ് ജാഹുവും യോർഗെ ഡിയാസും ചേർന്ന ഒരു മുംബൈ മുന്നേറ്റം ഗ്രെഗ് സ്റ്റീവർട്ടിലെത്തും മുമ്പ് ജെസ്സെൽ കാർനെയ്റോ കൃത്യമായ ഇടപെടലിലൂടെ അപകടം ഒഴിവാക്കി.

എന്നാൽ 21-ാം മിനിറ്റിൽ മെഹ്താബ് സിങ്ങിലൂടെ മുംബൈ മുന്നിലെത്തി. മുംബൈക്ക് ലഭിച്ച ഒരു കോർണറിൽ നിന്നായിരുന്നു ഗോൾ. ബോക്സിലേക്ക് വന്ന പന്ത് ക്ലിയർ ചെയ്യുന്നതിൽ ബ്ലാസ്റ്റേഴ്സ് പ്രതിരോധം വരുത്തിയ പിഴവാണ് ഗോളിന് വഴിവെച്ചത്. ക്ലിയറൻസ് പിഴച്ചപ്പോൾ പന്ത് ബോക്സിലുണ്ടായിരുന്നു മെഹ്താബിന്റെ കാൽപ്പാകത്തിനായിരുന്നു. താരത്തിന്റെ കരുത്തുറ്റ ഷോട്ടിനു മുന്നിൽ കേരള ഗോൾകീപ്പർ ഗില്ലിന് മറുപടിയൊന്നും ഉണ്ടായിരുന്നില്ല.

പിന്നാലെ 31-ാം മിനിറ്റിൽ മുംബൈ രണ്ടാം ഗോളും നേടി. ഗ്രെഗ് സ്റ്റീവർട്ട് നൽകിയ ത്രൂബോൾ ക്ലിയർ ചെയ്യുന്നതിൽ ലെസ്കോവിച്ച് വരുത്തിയ പിഴവ് മുതലെടുത്ത് മുൻ ബ്ലാസ്റ്റേഴ്സ് താരം പെരേര ഡിയാസ് അനായാസം പന്ത് വലയിലെത്തിക്കുകയായിരുന്നു. ആദ്യ പകുതിക്ക് തൊട്ടുമുമ്പ് രാഹുലിന്റെ ഒരു ഷോട്ട് മുംബൈ ഗോൾകീപ്പർ രക്ഷപ്പെടുത്തുകയും ചെയ്തു.

രണ്ടാം പകുതിയുടെ തുടക്കത്തിൽ ബ്ലാസ്റ്റേഴ്സ് മികച്ച മുന്നേറ്റങ്ങൾ നടത്തി. ഇതിനിടെ 47-ാം മിനിറ്റിൽ സ്റ്റീവർട്ടിന്റെ ഷോട്ട് ബ്ലാസ്റ്റേഴ്സ് ഗോൾകീപ്പർ ഗിൽ തടഞ്ഞു. 52-ാം മിനിറ്റിൽ ലൂണയുടെ ക്രോസിൽ നിന്നുള്ള ദിമിത്രിയോസിന്റെ ഹെഡർ പുറത്തേക്ക് പോയത് ബ്ലാസ്റ്റേഴ്സിന് തിരിച്ചടിയായി. 57-ാം മിനിറ്റിൽ ദിമിത്രിയോസിന്റെ ഷോട്ട് മുംബൈ ഗോൾ കീപ്പർ രക്ഷപ്പെടുത്തുകയും ചെയ്തു.

70-ാം മിനിറ്റിൽ ഇവാൻ കലിയുഷ്നിയെ കളത്തിലിറക്കിയിട്ടും ബ്ലാസ്റ്റേഴ്സിന് ഒരു ഗോൾ പോലും തിരിച്ചടിക്കാനായില്ല. ലൂണയും രാഹുലും തിളങ്ങിയപ്പോൾ സഹലിന്റെ മോശം പ്രകടനവും ടീമിന് തിരിച്ചടിയായി. ഇതിനു പിന്നാലെ 72-ാം മിനിറ്റിൽ ലൂണയുടെ ഷോട്ട് പോസ്റ്റിലിടിച്ച് മടങ്ങുകയും ചെയ്തതോടെ ബ്ലാസ്റ്റേഴ്സിനിത് നിർഭാഗ്യത്തിന്റെ ദിവസമായി.

ഒഡിഷയ്ക്കെതിരേ പരാജയപ്പെട്ട മത്സരത്തിൽ നിന്നും ഏതാനും മാറ്റങ്ങളുമായാണ് ബ്ലാസ്റ്റേഴ്സ് മുംബൈക്കെതിരേ കളത്തിലിറങ്ങിയത്. പ്രതിരോധത്തിൽ വിക്ടർ മോംഗിലിനെ ആദ്യ ഇലവനിൽ ഉൾപ്പെടുത്തിയപ്പോൾ ഹോർമിപാം റുയ്വ പകരക്കാരുടെ നിരയിലായി. രാഹുൽ കെ.പിയും ആദ്യ ഇലവനിൽ ഇറങ്ങി. ഇവാൻ കലിയുഷ്നിയും പകരക്കാരുടെ നിരയിലായിരുന്നു. ഹർമൻജോത് ഖബ്ര, ജെസെൽ കാർനെയ്റോ എന്നിവർ വിങ് ബാക്കുകളായി. മാർക്കോ ലെസ്കോവിച്ചും വിക്ടർ മോംഗിലും പ്രതിരോധം ഉറപ്പിച്ചപ്പോൾ മധ്യനിരയിൽ ജീക്സൺ സിങ്, പുട്ടിയ കൂട്ടുകെട്ട് തുടർന്നു.



## ടി20 ലോകകപ്പ് സൂപ്പർ 12: അഫ്ഗാനിസ്ഥാൻ -അയർലൻഡ് പോരാട്ടം മഴമൂലം ഉപേക്ഷിച്ചു

**മെൽബൺ:** ടി20 ലോകകപ്പ് സൂപ്പർ 12ൽ ഇന്നലെ രാവിലെ നടക്കേണ്ട അഫ് ഗാനിസ്ഥാൻ - അയർലൻഡ് പോരാട്ടം മഴമൂലം ഉപേക്ഷിച്ചു.സൂപ്പർ 12ൽ അഫ്ഗാനിസ്ഥാൻറെ രണ്ടാം മത്സരമാണ് മഴമൂലം ഉപേക്ഷിക്കേണ്ടിവരുന്നത്. നേരത്തെ ന്യൂസിലൻഡിനെതിരായ അഫ്ഗാൻറെ സൂപ്പർ 12 പോരാട്ടവും മഴമൂലം ഉപേക്ഷിച്ചിരുന്നു.അതേസമയം, കഴിഞ്ഞ മത്സരത്തിൽ ഇംഗ്ലണ്ടിനെ അട്ടിമറിച്ചെത്തിയ അയർലൻഡിന് മഴ മൂലം കളി ഉപേക്ഷിച്ചത് വലിയ തിരിച്ചടിയായി. അഫ്ഗാനെതിരെ ജയിച്ചാൽ സെമി പ്രതീക്ഷകൾ സജീവമാക്കാമെന്ന പ്രതീക്ഷയിലായിരുന്നു അയർലൻഡും. മൂന്ന് മത്സരങ്ങളിൽ ഒരു ജയവും ഒരു തോൽവിയും ഫലമില്ലാതെ പോയ മത്സരത്തിൽ നിന്ന് ലഭിച്ച ഒരു പോയൻറുമടക്കം മൂന്ന് പോയൻറുള്ള അയർലൻഡാണ് ഗ്രൂപ്പ് ഒന്നിൽ രണ്ടാം സ്ഥാനത്തുള്ളത്.രണ്ട് കളികളിൽ മൂന്ന് പോയൻറുള്ള ന്യൂസിലൻഡാണ് ഒന്നാമത്. രണ്ട് കളികളിൽ രണ്ട് പോയൻറുള്ള ശ്രീലങ്ക മൂന്നാമതും രണ്ട് കളികളിൽ രണ്ട് പോയൻറുള്ള ഇംഗ്ലണ്ട് നാലാമതും മൂന്ന് കളികളിൽ രണ്ട് പോയൻറുള്ള അഫ്ഗാൻ അഞ്ചാമതും നിൽക്കുമ്പോൾ ആതിഥേയരും ലോക ചാമ്പ്യൻമാരുമായ ഓസ്ട്രേലിയ അവസാന സ്ഥാനത്താണ്.ഇന്നലെ ഉച്ചക്ക് നടക്കേണ്ട നിർണായക സൂപ്പർ 12 പോരാട്ടത്തിൽ ഇംഗ്ലണ്ടും ഓസ്ട്രേലിയയും തമ്മിൽ ഏറ്റുമുട്ടും. എന്നാൽ, തുടർച്ചയായി പെയ്യുന്ന മഴ മൂലം മത്സരം ഉപേക്ഷിക്കാനാണ് സാധ്യതയെന്നാണ് റിപ്പോർട്ട്. തോൽക്കുന്നവരുടെ സെമി സാധ്യതകൾക്ക് തിരിച്ചടിയേൽക്കുമെന്നതിനാൽ ഇരു ടീമുകൾക്കും ഇത് ജീവൻമരണ പോരാട്ടമാണ്.



## മാച്ച് ഫീയിൽ വിപ്ലവം; വാർഷിക കരാറിൽ കോഹ്ലിക്കും രോഹിതിനും ഏഴ് കോടി,

**ന്യൂഡൽഹി:** ഇന്ത്യൻ ക്രിക്കറ്റിലെ പുരുഷ-വനിത താരങ്ങളുടെ മാച്ച് ഫീ തുല്യമാക്കി വിപ്ലവകരമായ തീരുമാനം ബി.സി.സി.ഐ നടപ്പിലാക്കുമ്പോഴും താരങ്ങളുടെ വാർഷിക കരാറിലെ വിവേചനം തുടരുന്നു. ക്രിക്കറ്റിലെ വനിത പുരുഷ താരങ്ങൾക്ക് ലഭിക്കുന്ന വാർഷിക വേതനത്തിൽ അജഗജാന്തരം വ്യത്യാസമുണ്ട്.ഗ്രേഡ് എ പ്ലസിലുള്ള പുരുഷ ടീമംഗത്തിന് ഏഴ് കോടി രൂപയാണ് ബി.സി.സി.ഐ നൽകുന്ന പ്രതിഫലം. ഗ്രേഡ് എ 5 കോടി, ഗ്രേഡ് ബി 3 കോടി, ഗ്രേഡ് സി ഒരു കോടി എന്നിങ്ങനെയാണ് പുരുഷടീമിലെ മറ്റ് ഗ്രേഡിലുള്ളവരുടെ പ്രതിഫലം. എന്നാൽ വനിത ടീമിലെ ഗ്രേഡ് എയിലുള്ളവർക്ക് 50 ലക്ഷവും ഗ്രേഡ് ബി -30 ലക്ഷം, ഗ്രേഡ് സി-10 ലക്ഷം എന്നിങ്ങനെയാണ് പ്രതിഫലം. മാച്ച് ഫീയിൽ വിപ്ലവം നടപ്പാക്കിയപ്പോഴും വാർഷിക പ്രതിഫലത്തിൽ ബി.സി.സി.ഐ അത് കൊണ്ടുവന്നിട്ടില്ല.ഏഷ്യാ കപ്പ് ട്വന്റി20 കിരീടം, കോമൺവെൽത്ത് ഗെയിംസിൽ രണ്ടാംസ്ഥാനം, ഇംഗ്ലണ്ടിൽ കന്നി പരമ്പര വിജയം തുടങ്ങിയ നേട്ടങ്ങൾ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം സമീപകാലത്ത് സ്വന്തമാക്കിയിരുന്നു. ഇതിനുള്ള അംഗീകാരമായാണ് തുല്യവേതനമെന്ന ആവശ്യത്തിന് ബി.സി.സി.ഐ പച്ചക്കൊടി വീശിയത്. ക്രിക്കറ്റ് ആസ്ട്രേലിയ തുല്യവേതനത്തിൽ ചർച്ചകൾ തുടരുമ്പോഴാണ് അത് നടപ്പാക്കി കാണിച്ച് ബി.സി.സി.ഐ മാതൃക കാട്ടിയത്. വരും നാളുകളിൽ വാർഷിക കരാറിലും ബി.സി.സി.ഐ തുല്യവേതനം നടപ്പാക്കുമെന്ന് പ്രതീക്ഷിക്കാം.



## വീണ്ടും കുതിച്ച് 'റൺമെഷീൻ', കലണ്ടർ വർഷം ആയിരം റൺസെന്ന നേട്ടവുമായി കോഹ്‌ലി; രണ്ടുവർഷത്തിന് ശേഷം

**മുംബൈ:** മികച്ച പ്രകടനത്തോടെ ഫോമിലേക്ക് മടങ്ങിയെത്തിയ ഇന്ത്യയുടെ ബാറ്റിംഗ് ഹീറോ വിരാട് കോഹ്‌ലി കരിയറിൽ മറ്റൊരു നേട്ടവും സ്വന്തമാക്കി. കലണ്ടർ വർഷം ആയിരം റൺസ് എന്ന നേട്ടമാണ് കോഹ്‌ലി കരസ്ഥമാക്കിയത്. 2019 ന് ശേഷം ഇതാദ്യമായാണ് കോഹ്‌ലി ഈ നേട്ടം കൈവരിക്കുന്നത്. ലോകകപ്പിൽ നെതർലാൻഡ്സിനെതിരെ അർധശതകം നേടിയതോടെയാണ് കോഹ്‌ലി ഈ നേട്ടം സ്വന്തമാക്കുന്നത്. ഹോളണ്ടിനെതിരെ വിരാട് കോഹ്‌ലി 44 പന്തിൽ 62 റൺസാണ് എടുത്തത്. ഈ വർഷം 28 മത്സരങ്ങളിലെ 31 ഇന്നിംഗ്സുകളിലായി 1024 റൺസാണ് കോഹ്‌ലി എടുത്തിട്ടുള്ളത്. ഒരു സെഞ്ചുറിയും ഒമ്പത് അർധ സെഞ്ചുറിയും ഇതിൽപ്പെടുന്നു. ആവറേജ് 39.38. ഉയർന്ന സ്കോർ 122 നോട്ടൗട്ട്.2020 ൽ വിരാട് കോഹ്‌ലി 24 ഇന്നിംഗ്സുകളിൽ നിന്നായി 842 റൺസാണ് എടുത്തിരുന്നത്. 2021 ൽ 964 റൺസുമാണ് എടുത്തത്. അതേസമയം 2016, 2017, 2018, 2019 കലണ്ടർ വർഷങ്ങളിൽ രണ്ടായിരത്തിലേറെ റൺസാണ് വിരാട് കോഹ്‌ലി എടുത്തിരുന്നത്. 2595 റൺസ് (2016), 2818 (2017), 2735 (2018), 2455 റൺസ് (2019) എന്നിങ്ങനെയാണ് എടുത്തിരുന്നത്.




## ബിഡബ്ള്യുഎഫ് ലോക ജൂനിയർ ചാമ്ബ്യൻഷിപ്: ശങ്കർ മുത്തുസാമി ക്വാർട്ടറിൽ പ്രവേശിച്ചു

ബിഡബ്ള്യുഎഫ് ലോക ജൂനിയർ ചാമ്ബ്യൻഷിപ്പ് 2022 ന്റെ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിക്കാൻ ഇന്ത്യൻ ഷട്ടിൽ എസ് ശങ്കർ മുത്തുസാമി സുബ്രഹ്മണ്യൻ ഒരു സുഖകരമായ വിജയം രേഖപ്പെടുത്തി, എന്നാൽ സ്വന്തം നാട്ടുകാരനായ ഉന്നതി ഹൂഡ വ്യാഴാഴ്ച ഇവിടെ ടൂർണമെന്റിൽ നിന്ന് പുറത്തായി.എസ് ശങ്കർ 21-10, 21-12 എന്ന സ്കോറിന് തായ്‌ലൻഡിന്റെ നചാകോൺ പുസ്രിയെ 16-ാം റൗണ്ടിൽ തോൽപ്പിച്ച് ഇന്ത്യയുടെ മെഡൽ പ്രതീക്ഷ നിലനിർത്തി. പ്രീക്വാർട്ടർ ഫൈനലിൽ 21-16, 21-19 എന്ന സ്കോറിന് ചൈനയുടെ വാങ് സി ജൂണിനെ പരാജയപ്പെടുത്തിയ നാലാം സീഡായ ഇന്ത്യൻ താരം ചൈനയുടെ ഹു ഷെ ആനെ നേരിടും.

EDITORS CHOICE

# കെജി.എ എം.ഒ..എഫ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു


ഡോ. എ.എൻ. സിസി


പ്രൊഫ: ഡോ: കെ.വി ദിലീപ് കുമാർ


ജി.എസ്. ജിജു

**തിരുവനന്തപുരം:** കേരള ഗവൺമെന്റ് ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് ഫെഡറേഷന്റെ സഹചര 2022 നോട് അനുബന്ധിച്ചുള്ള ആരോഗ്യ മേഖലയിലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ആരോഗ്യ മേഖലയിലെ മികച്ച സേവനത്തിനുള്ള ഈ വർഷത്തെ സുകൃതം പുരസ്കാരം ഡോ. എ.എൻ. സിസിക്കും ആരോഗ്യ മേഖലയിൽ വേറിട്ട പ്രവർത്തനം കാഴ്ചവെച്ച പ്രൊഫ: ഡോ: കെ.വി ദിലീപ് കുമാറിന് ഭിഷഗ്വര പുരസ്കാരവും നൽകും. ആയുർവേദത്തെക്കുറിച്ചുള്ള അവബോധവും പ്രാധാന്യവും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് മികച്ച രീതിയിൽ പ്രവർത്തിച്ച മാധ്യമ പ്രവർത്തകൻ ജി.എസ്. ജിജു മാധ്യമ പുരസ്കാരത്തിനും അർഹനായി.ഈ മാസം 29, 30 തിയതികളിൽ പാലക്കാട് വച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ വച്ച് പുരസ്കാര നൽകുമെന്ന് ഓർഗ്ഗനൈസിഗ് കമ്മിറ്റി ചെയർമാൻ ഡോ: ജയ പി.ആർ ജനറൽ കൺവീനർ ഡോ: കെ ശിവദാസ് മേനോൻ എന്നിവർ അറിയിച്ചു. സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് ആയുർവേദ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും ഹൗസ് സർജൻ മാർക്കുമായി നടന്ന ഡോ: എ.കെ ദേവീദാസ് മെമ്മോറിയൽ സംസ്ഥാനതല പ്രബന്ധ മത്സരത്തിലെ വിജയികളായ പാലക്കാട് വിഷ്ണു ആയുർവേദ കോളേജിലെ ഡോ: ഹരിപ്രിയ വിജയൻ ഒന്നാം സ്ഥാനവും പറങ്ങോട് എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആൻഡ് റിസർച്ചിലെ ഡോ: ജെ അഞ്ജനക്ക് രണ്ടാം സ്ഥാനവും തിരുവനന്തപുരം ഗവ: ആയുർവേദ കോളേജിലെ ഡോ: ഷാറോൽ റഷീദിന് മൂന്നാം സ്ഥാനവും ലഭിച്ചതായി ഓർഗ്ഗനൈസിംഗ് കമ്മിറ്റി അറിയിച്ചു.

## തേക്കിൻകാട് ജോസഫിന് മേരി ബനീഞ്ഞ സാഹിത്യ അവാർഡ്

**പാലാ:** മേരി ബനീഞ്ഞ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഈ വർഷത്തെ മേരി ബനീഞ്ഞ സാഹിത്യ അവാർഡ് പ്രശസ്ത എഴുത്തുകാരൻ തേക്കിൻകാട് ജോസഫിന്. വാനമ്പാടി അവാർഡ് ഫാ. ജസ്റ്റിൻ ഒ.സി.ഡിക്കും നല്കും.


ഡിസംബർ രണ്ടിന് പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ചേരുന്ന ബനീഞ്ഞ അനുസ്മരണ സമ്മേളനത്തിൽ പാലാ ബിഷപ്പ് ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്

ദീപിക പത്രാധിപസമിതി അംഗമായിരുന്ന തേക്കിൻകാട് ജോസഫ് ഇപ്പോൾ കോട്ടയം പ്രസ് ക്ലബ് ജേണലിസം സ്കൂൾ ഡയറക്ടറാണ്. 20 ലധികം കൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സൂപ്പർ ബോയ് രാമു പരമ്പര സംസ്ഥാന ബാലസാഹിത്യ അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

## കറൻസിയിൽ ലക്ഷ്മീദേവിയും ഗണേശ ഭഗവാനും വേണം; പ്രധാനമന്ത്രിക്ക് കത്തയച്ച് കെജ്‌രിവാൾ

**ന്യൂഡൽഹി:** രാജ്യം സാമ്പത്തികമായി പുരോഗതി കൈവരിക്കണമെങ്കിൽ കറൻസി നോട്ടുകളിൽ ലക്ഷ്മീദേവിയുടേയും ഗണേശ ഭഗവാന്റേയും ചിത്രം ഉൾപ്പെടുത്തണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ പ്രസ്താവന വലിയ ചർച്ചയായിരുന്നു. ഇക്കാര്യമുന്നയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചിരിക്കുകയാണ് ഇപ്പോൾ അദ്ദേഹം. രാജ്യത്തെ 130 കോടി ജനങ്ങളുടെ പ്രതിനിധിയായിട്ടാണ് താൻ ഇക്കാര്യം ആവശ്യപ്പെടുന്നതെന്നും കെജ്രിവാൾ കത്തിൽ പറയുന്നു. രാജ്യം സാമ്പത്തികമായി സമൃദ്ധിയിലേക്ക് ഉയരണമെങ്കിൽ രാജ്യത്തെ കറൻസിയിൽ മഹാത്മാ ഗാന്ധിയുടെ ചിത്രത്തിനൊപ്പം ലക്ഷ്മി ദേവിയുടേയും ഗണേശ ഭഗവാന്റേയും ചിത്രങ്ങളും ഉൾപ്പെടുത്തണമെന്നായിരുന്നു കെജ്രിവാൾ അടുത്തിടെ ആവശ്യപ്പെട്ടത്. ദീപാവലി ആഘോഷങ്ങൾക്കിടെയാണ് തനിക്ക് ഇത്തരമൊരു ആശയം തോന്നിയതെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ചെയ്തത് കൊണ്ടുമാത്രം രാജ്യം പുരോഗതിയിലേക്ക് പോകുമെന്നല്ല പറയുന്നത്. ഒരുപാട് കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവത്തിന്റെ അനുഗ്രഹവും ആവശ്യമാണ്, അതിനാണ് ഇത്തരമൊരു ആശയം മുന്നോട്ടുവെക്കുന്നതെന്നും കെജ്രിവാൾ പറഞ്ഞിരുന്നു. ഇന്തോനേഷ്യയിലെ കറൻസിയിൽ ഗണേശ ഭഗവാന്റെ ചിത്രമുണ്ടെന്നും എന്തുകൊണ്ട് നമുക്കത് ആയിക്കൂടെന്നുമാണ് കെജ്രിവാൾ ചോദിക്കുന്നത്. ബിജെപിയുടെ ബി ടീമാണ് കെജ്രിവാൾ നയിക്കുന്ന ആംആദ്മി പാർട്ടി എന്ന് കോൺഗ്രസ് ആരോപിക്കുമ്പോഴാണ് കെജ്രിവാൾ ഈ ആവശ്യവുമായി രംഗത്തെത്തിയിരിക്കുന്നത്. ഗുജറാത്ത് തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് കെജ്രിവാൾ ഹിന്ദുത്വ കാർഡ് ഇറക്കുകയാണെന്ന വിമർശനം ശക്തമാണ്

## ഗവർണർക്ക് നശീകരണ ബുദ്ധി, ചാൻസലർ പദവിയിൽ നിന്നും നീക്കേണ്ട ചർച്ചകൾക്കുള്ള സമയമായി: എം വി ജയരാജൻ



കണ്ണൂർ: സംസ്ഥാനത്തെ സർവകലാശാല ചാൻസലർ പദവിയിൽ നിന്നും ആരിഫ് മുഹമ്മദ് ഖാനെ നീക്കം ചെയ്യേണ്ട സമയമായെന്ന് സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി എം വി ജയരാജൻ.

ഇതിനായുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കാനുള്ള സമയമായെന്ന് പറഞ്ഞ എം വി ജയരാജൻ പലരും ഇതിനോടകം ഇക്കാര്യം പറഞ്ഞതായും വ്യക്തമാക്കി. പല സംസ്ഥാനങ്ങളിലും ഗവർണർക്ക് ചാൻസലർ പദവി നൽകിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം തത്സ്ഥാനത്തിരിക്കാൻ ഗവർണർ യോഗ്യനല്ല എന്ന് തെളിഞ്ഞതായി ആരോപിച്ചു.

ഗവർണർ നാടിന്റെ നന്മയല്ല ആഗ്രഹിക്കുന്നത്, നാടിന്റെ നാശമാണ്. നശീകരണ ബുദ്ധിയാണ് ഗവർണർക്കുള്ളത്. ഇല്ലാത്ത അധികാരം ഗവർണർ പ്രയോഗിക്കുന്നതായും ജയരാജൻ കൂട്ടിച്ചേർത്തു. അതേസമയം ഗവർണ്ണറുടെ നടപടികൾക്ക് എതിരായി കണ്ണൂർ സർവകലാശാല പ്രമേയം പാസാക്കി. കണ്ണൂർ സർവകലാശാലയിലെ അടക്കം വിസിമാർ രാജി സമർപ്പിക്കണമെന്ന ആവശ്യവുമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുന്നോട്ട് വന്ന സാഹചര്യത്തിലാണ് സർവകലാശാല സിൻഡിക്കേറ്റ് പ്രമേയം പാസാക്കിയത്. ഗവർണർ വിസിമാരുടെ രാജി ആവശ്യപ്പെട്ട നടപടി സർവകലാശാലകളുടെ കുതിപ്പ് സ്തംഭിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന് പ്രമേയാവതരണത്തിലൂടെ സിൻഡിക്കേറ്റ് ചൂണ്ടിക്കാട്ടി. സർവകലാശാല നിയമങ്ങൾക്ക് കടകവിരുദ്ധമായ നയങ്ങളാണ് ഗവർണറുടേതെന്നും സിൻഡിക്കേറ്റ് വിലയിരുത്തി..

## ചരമം



### വിജയൻ പി.പി. (88)

ആലപ്പുഴ പവർ ഹൗസ് വാർഡ് പുരുഷോത്തമ ബിൽഡിംഗിൽ വിമുക്തഭടൻ വിജയൻ പി.പി. (88) അന്തരിച്ചു.ഭാര്യ: പരേതയായ ചന്ദ്രിക
മക്കൾ: ജീത്ത് വിജയൻ (അബുദാബി), ശ്യാം . വി ( അദ്ധ്യാപകൻ, വി.എച്ച്. എസ്.എസ്. കണിച്ചു കുളങ്ങര)
മരുമക്കൾ: നിഷ, മിനി
സംസ്ക്കാരം ശനിയാഴ്ച പകൽ 11 ന് ചാത്തനാട് സ്മശാനത്തിൽ .

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com